# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെഎസ്എ.കെടിഎം.പി.9/1760/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 14/12/2023
ഇ-മെയിൽ:
doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെടിഎം.പി.9/1760/2023 തീയ്യതി: 14/12/2023

# കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി .സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 05-10-2023 | 13-10-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-10-2023 | 13-10-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രതീഷ്. സി.ആർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി സുധാ ജേക്കബ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയശ്രീ പി.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. യോഗേഷ് .ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| ശ്രീമതി റോസിലി ടോമിച്ചൻ | പ്രസിഡന്റ് | 01-04-2022 | 05-09-2022 |
| ശ്രീ. ലൂക്കോസ് ഫിലിപ്പ് | പ്രസിഡന്റ് | 06-09-2022 | 28-09-2022 |
| ശ്രീമതി അഞ്ജു മനോജ് | പ്രസിഡന്റ് | 29-09-2022 | 31-03-2023 |
| ശ്രീ. പ്രദീപ്. എൻ | സെക്രട്ടറി | 01-04-2022 | 18-05-2022 |
| ശ്രീ.രാജേഷ് റ്റി.വർഗ്ഗീസ് | സെക്രട്ടറി | 19-05-2022 | 01-11-2022 |
| ശ്രീമതി മഞ്ജു എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-11-2022 | 08-12-2022 |
| ശ്രീ. മാർട്ടിൻ ജോർജ്ജ് | സെക്രട്ടറി | 09-12-2022 | 05-01-2023 |
| ശ്രീമതി ആശാ ഗോപാൽ | സെക്രട്ടറി | 06-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജശ്രീ റ്റി.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 15-10-2022 |
| മഞ്ജു എസ് | അസിസ്റ്റന്റ് സെക്രട്ടറി | 31-10-2022 | 31-03-2023 |
| ബിന്ദുകുമാർ ബി.എസ് | കൃഷി ഓഫീസർ | 01-04-2022 | 28-09-2022 |
| നസിയ സത്താർ | കൃഷി ഓഫീസർ | 29-09-2022 | 28-11-2022 |
| ഷിജി മാത്യു | കൃഷി ഓഫീസർ | 29-11-2022 | 31-03-2023 |
| ജയകൃഷ്ണൻ പി.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 20-04-2022 |
| ഹരികൃഷ്ണൻ ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21-04-2022 | 31-03-2023 |
| പ്രദീപ് പി.ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 20-04-2022 |
| മാത്യു പി.സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21-04-2022 | 31-03-2023 |
| ഡോ.ബിന്ദുരാജ് ആർ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| അഹാ മനോഹർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 03-07-2022 |
| നിതിൻ കെ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 04-07-2022 | 31-03-2023 |
| ട്രീസ രമ്യ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| നീതു കെ.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13-01-2023 | 31-03-2023 |
| രശ്മിമോൾ എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| അജിത ആർ.നായർ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ഡോ.റോസ്‌ലിൻ ജോസഫ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 01-04-2022 | 31-03-2023 |

16.10.2022 മുതൽ 30.10.2022 വരെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഒഴിവ്, 06.01.2023 മുതൽ 12.01.2023 വരെ ഐ.സി.ഡി.എസ് സൂപ്പർവൈസർ തസ്തിക ഒഴിവ്

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ILGMS ലേക്ക് ക്യാരി ഓവർ ചെയ്ത പഞ്ചായത്ത് ഫണ്ടിൽ വ്യത്യാസം | 1-1-1 |
| 3 | ILGMS ലേക്ക് ക്യാരി ഓവർ ചെയ്ത ആസ്തി-ബാദ്ധ്യതാ മൂല്യത്തിൽ വ്യത്യാസം | 1-1-2 |
| 4 | മുൻ വർഷ നീക്കിയിരിപ്പും തൻ വർഷ പ്രാരംഭ ബാക്കിയും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-4 |
| 6 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-5 |
| 7 | ചെലവ് ഹെഡ്ഡുകളിൽ തുകകൾ വരവായി അക്കൗണ്ട് ചെയ്തിരിക്കുന്നു. | 1-1-6 |
| 8 | വാഹനത്തിന്റെ മൂല്യം ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-7 |
| 9 | ഹെൽത്ത് ഗ്രാന്റ്- പൊരുത്തപ്പെടുത്തൽ പത്രിക കൃത്യമല്ല | 1-1-8 |
| 10 | വിനിയോഗിക്കാതെ തിരികെ ലഭ്യമായ തുക തെറ്റായി അക്കൗണ്ട് ചെയ്തു | 1-1-9 |
| 11 | ലോൺ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ നീക്കിയിരിപ്പുകളിൽ വ്യത്യാസം | 1-1-11 |
| 13 | ധനകാര്യകമ്മീഷൻ ഗ്രാന്റ് അൺടൈഡ് -ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ഹെൽത്ത് ഗ്രാന്റ് (വെൽനെസ് സെന്റേഴ്സ്)ചെലവുകൾ അക്കൗണ്ട് ചെയ്തില്ല | 1-1-13 |
| 15 | നീക്കിയിരിപ്പില്ലാത്ത തുക ബാദ്ധ്യതയായി അക്കൗണ്ട് ചെയ്തിരിക്കുന്നു | 1-1-14 |
| 16 | തൊഴിലുറപ്പ് പദ്ധതി കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-15 |
| 17 | ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത വ്യക്തമല്ല | 1-1-16 |
| 18 | ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശങ്ങളില്ല | 1-1-17 |
| 19 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-18 ഷെഡ്യൂളിലെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. | 1-1-18 |
| 20 | Liabity In Respect Of Stale Cheque ആയി രേഖപ്പെടുത്തിയ തുകയുടെ കൃത്യത വ്യക്തമല്ല | 1-1-19 |
| 21 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-20 |
| 22 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല | 1-1-21 |
| 23 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-22 |
| 24 | വിവിധ വരവിനങ്ങളുടെ ഡി.സി.ബി വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-23 |
| 25 | ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള വരവ്-കൃത്യമായ കണക്കുകളില്ല | 1-1-24 |
| 26 | ബജറ്റ് | 1-2 |
| 27 | സാമ്പത്തിക വിശകലനം | 1-3 |
| 28 | ഫണ്ട് വിനിയോഗം | 1-4 |
| 29 | വാർഷികപദ്ധതി അവലോകനം. | 1-5 |
| 30 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 31 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 32 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 33 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 34 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 35 | ഒരേ റോഡ് തന്നെ വിവിധ രീതിയിൽ വസ്തുനികുതി നിർണ്ണയത്തിന് പരിഗണിക്കുന്നു | 1-11 |
| 36 | വസ്തുനികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകി | 1-12 |
| 37 | തൊഴിൽ നികുതി പിരിവ് അപാകതകൾ | 1-13 |
| 38 | ബസ് സ്റ്റാന്റ് ഫീസ് പിരിവ്- നടപടിക്രമങ്ങൾ പാലിച്ചില്ല | 1-14 |

| | | |
|---|---|---|
| 39 | ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം | 1-15 |
| 40 | കറണ്ട് അക്കൗണ്ടുകളിൽ 76 ലക്ഷം രൂപ നീക്കിയിരിപ്പ്- പഞ്ചായത്തിന് പലിശയിനത്തിൽ വരവ് നഷ്ടം | 1-16 |
| 41 | വാടക - 2437674 രൂപ മുൻവർഷ കുടിശ്ശിക നിലനിൽക്കുന്നു | 1-17 |
| 42 | അധികവിഭവ സമാഹരണം | 1-18 |
| 43 | വിവിധ സ്കൂളുകളിലേയ്ക്കും വായനശാലകളിലേയ്ക്കും പത്ര വിതരണം - പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-19 |
| 44 | സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിക്കൽ - സർക്കാർ ഉത്തരവുകൾ പാലിച്ച് പ്രോജക്ട് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ് | 1-20 |
| 45 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയ 2 കോടി രൂപ  ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-21 |
| 46 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ-മരുന്ന് പൂർണമായി ലഭിച്ചിട്ടില്ല | 1-22 |
| 47 | മെഡിക്കൽ കോളേജിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് - പ്രവർത്തനക്ഷമമല്ല- | 1-23 |
| 48 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ട് നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല | 1-24 |
| 49 | ഇ-ടെണ്ടർ ഫീസ് - കറണ്ട് അക്കൗണ്ട് ആരംഭിച്ചതിന്റെയും ടെണ്ടർ ഫീസ് ലഭ്യമായതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-25 |
| 50 | ബില്ലിൽ നിന്നും കുറവ് ചെയ്യുന്ന ബാരൽ വില അതാത് ഫണ്ടുകളിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ് | 1-26 |
| 51 | മറ്റം വിലങ്ങുചിറ പാടശേഖരത്തിലെ മോട്ടോർ ഷെഡ് നിർമ്മാണം - കാലതാമസത്തിനുള്ള കാരണവും പ്രവൃത്തി പൂർത്തീകരണ വിവരവും ലഭ്യമാക്കേണ്ടതാണ്. | 1-27 |
| 52 | ആസ്തി പരിപാലനം | 1-28 |
| 53 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ - മരുന്ന് ലഭിച്ചില്ല - തുക തടസ്സപ്പെടുത്തുന്നു | 1-29 |
| 54 | ഗ്രാമ പഞ്ചായത്തിലെ വനിതകൾക്ക് മെൻസ്ട്രുറൽ കപ്പ് വിതരണ പദ്ധതി - വിതരണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-30 |
| 55 | ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ - ആധികാരികമായ ചെലവ് രേഖകൾ സൂക്ഷിക്കേണ്ടതാണ്. | 1-31 |
| 56 | ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-32 |
| 57 | ആശ്രയ-അഗതിരഹിതപദ്ധതി - അക്കൗണ്ടിലെ തുക ചെലവഴിയ്ക്കാത്തത് | 1-33 |
| 58 | ലൈഫ് ഭവന പദ്ധതി അവലോകനം | 1-34 |
| 59 | ദുരിതാശ്വാസ നിധി പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കേണ്ടതാണ് | 1-35 |


**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

**ഭാഗം 4**


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക- ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ആർപ്പൂക്കര ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 07/07/2023 തീയതിയിലെ 6(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 19/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആർപ്പൂക്കര ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-1 ILGMS ലേക്ക് ക്യാരി ഓവർ ചെയ്ത പഞ്ചായത്ത് ഫണ്ടിൽ വ്യത്യാസം

01/04/2022 പ്രാബല്യത്തിൽ ILGMS ആരംഭിച്ചപ്പോൾ പഞ്ചായത്തിന്റെ ആസ്തി-ബാധ്യത മൂല്യവും ജനറൽ ഫണ്ടും സാംഖ്യ പ്രകാരമുണ്ടായിരുന്നത് ILGMS ലേക്ക് ക്യാരി ഓവർ ചെയ്ത ഓപ്പണിങ്ങ് ബാലൻസ് ഷീറ്റിൽ ജനറൽ ഫണ്ട് 61084/- രൂപ കൂടുതലായാണ് അക്കൗണ്ട് ചെയ്തത്. സാംഖ്യ 31/03/2022 ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്ത് ജനറൽ ഫണ്ട് (310100101) 13247662.94 ആണ്. എന്നാൽ ILGMS ലെ 01/04/2022 ലെ ഓപ്പണിങ്ങ് ബാലൻസ് ഷീറ്റിൽ ജനറൽ ഫണ്ട് 13308746.94 രൂപയാണ്. ജനറൽ ഫണ്ടിൽ 61084/- രൂപയുടെ വ്യത്യാസം വന്നതിനാൽ ആകെ ആസ്തിമൂല്യത്തിലും ടി വ്യത്യാസം പ്രതിഫലിക്കുന്നു. മേൽ സാഹചര്യത്തിൽ 31/03/2023 ലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് കൃത്യമല്ല.

### 1-1-2 ILGMS ലേക്ക് ക്യാരി ഓവർ ചെയ്ത ആസ്തി-ബാദ്ധ്യതാ മൂല്യത്തിൽ വ്യത്യാസം

സാംഖ്യയിൽ 31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം ആകെ ആസ്തി-ബാധ്യത മൂല്യം 98134350.94 രൂപയായിരുന്നത് 01/04/2022 ൽ ILGMs ഓപ്പണിങ്ങ് ബാലൻസ് ഷീറ്റിൽ 98196355.94 രൂപയായി വർദ്ധിച്ചു.

ജനറൽ ഫണ്ടിലും ആസ്തി-ബാദ്ധ്യതാ മൂല്യത്തിലുമുള്ള വ്യത്യാസം അക്കൗണ്ടിങ്ങ് തുടർച്ചയുടെ കൃത്യതയെ ബാധിച്ചിരിക്കുന്നു.

### 1-1-3 മുൻ വർഷ നീക്കിയിരിപ്പും തൻ വർഷ പ്രാരംഭ ബാക്കിയും പൊരുത്തപ്പെടുന്നില്ല.

താഴെ ചേർക്കുന്ന അക്കൗണ്ടുകളിലെ മുൻ വർഷ നീക്കിയിരിപ്പും തൻ വർഷ പ്രാരംഭ ബാക്കിയും പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് | മുൻ വർഷ നീക്കിയിരിപ്പ് | തൻ വർഷ പ്രാരംഭ ബാക്കി |
|---|---|---|
| SBI -Epayment (A/C No.67394237148) | 1360085 | 1360090 |
| Federal Bank-FFC (A/C No.10670100169273 | 7150241 | 7212241 |

### 1-1-4 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

### 1-1-5 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

### 1-1-6 ചെലവ് ഹെഡ്ഡുകളിൽ തുകകൾ വരവായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

ചെലവ് ഹെഡ്ഡുകളിൽ തുകകൾ വരവായി അക്കൗണ്ട് ചെയ്തതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ I-11 ഷെഡ്യൂളിൽ താഴ പറയുന്ന ഹെഡ്ഡുകളിൽ നെഗറ്റീവ് തുകകളാണുള്ളത്.

| ശീർഷകം | ഇനം | തുക |
|---|---|---|
| 220100299 | Other Items | -10372 |
| 220800103 | Workshops & Seminars | -900 |

### 1-1-7 വാഹനത്തിന്റെ മൂല്യം ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ മൂല്യം ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-8 ഹെൽത്ത് ഗ്രാന്റ്- പൊരുത്തപ്പെടുത്തൽ പത്രിക കൃത്യമല്ല

ഹെൽത്ത് ഗ്രാന്റ് (ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ച്ചർ ) കാനറ ബാങ്ക് അക്കൗണ്ടിൽ 31.03.2023 ൽ RP 40(B) പ്രകാരം 273033 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ 31.03.2023 ലെ പൊരുത്തപ്പെടുത്തൽ പത്രികയിലെ എല്ലാ തുകകളും പൂജ്യമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-9 വിനിയോഗിക്കാതെ തിരികെ ലഭ്യമായ തുക തെറ്റായി അക്കൗണ്ട് ചെയ്തു

വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗിക്കാതെ ബാക്കി വന്ന 2242560 രൂപ തൻ വർഷം തിരികെ ലഭ്യമായിരുന്നു. പ്രസ്തുത തുക ബാദ്ധ്യതയായി അക്കൗണ്ട് ചെയ്യുന്നതിന് പകരം Advance To Implementing Agencies Deposit With KWA എന്ന് ശീർഷകത്തിൽ വരവായാണ് അക്കൗണ്ട് ചെയ്തത്.

### 1-1-10 ലോൺ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല

2021-22 വർഷം ലൈഫ് ലോൺ തിരിച്ചടവിനായി സ്രോതസ്സിൽ കുറവ് ചെയ്ത 968001 രൂപ പ്രോജക്ടുകൾ തയ്യാറാക്കി ചെലവ് കണക്കുകളിൽ ഉൾപ്പെടുത്താത്തതിനാൽ ബി-5 ഷെഡ്യൂളിലെ

നീക്കിയിരിപ്പിൽ തിരിച്ചടവ് വന്ന തുക കൂടി ഉൾപ്പെട്ടിരുന്നു. പ്രസ്തുത അപാകത 2022-23 വർഷവും പരിഹരിക്കാത്തതിനാൽ ലോണിനത്തിലുള്ള യഥാർത്ഥ നീക്കിയിരിപ്പ് 2426714രൂപയും വാർഷിക കണക്ക് ,ലോൺ രജിസ്റ്റർ എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് 3394715 രൂപയുമാണ്.

**1-1-11 ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ നീക്കിയിരിപ്പുകളിൽ വ്യത്യാസം**

ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ 31.03.2023 ലെ ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് RP 40(B) ഷെഡ്യൂളിൽ 11086312 രൂപയാണ്. എന്നാൽ ബി4 ഷെഡ്യൂൾ പ്രകാരം 11081312 രൂപയാണ് ബാദ്ധ്യതയായി അക്കൗണ്ട് ചെയ്തിട്ടുള്ളത്. 5000 രൂപ വരവ് ചേർത്തപ്പോൾ Liability Head ന് പകരം Revenue വരവ് ശീർഷകത്തിൽ വരവായി രേഖപ്പെടുത്തിയതിനാലാണ് പ്രസ്തുത വ്യത്യാസം പ്രതിഫലിച്ചത്.

**1-1-12 ധനകാര്യകമ്മീഷൻ ഗ്രാന്റ് അൺടൈഡ് -ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല**

ധനകാര്യകമ്മീഷൻ അൺടൈഡ് ഗ്രാന്റിന്റെ ചെലവ് സാംഖ്യ ACR പ്രകാരം 5438145 രൂപയാണ്. എന്നാൽ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ചെലവ് 5001133 രൂപയാണ്. 126212 രൂപ യഥാർത്ഥത്തിൽ ചെലവാകാത്തതിനാലും 310800 രൂപ അക്കൗണ്ട് മാറി ചെലവഴിച്ചതിനാലുമാണ് പ്രസ്തുത വ്യത്യാസം പ്രതിഫലിച്ചത്.

**1-1-13 ഹെൽത്ത് ഗ്രാന്റ് (വെൽനെസ് സെന്ററ്റേഴ്സ്)ചെലവുകൾ അക്കൗണ്ട് ചെയ്തില്ല**

ഹെൽത്ത് ഗ്രാന്റ് (വെൽനെസ് സെന്ററ്റേഴ്സ്) തൻവർഷ ചെലവ് തുകയായ 61155 രൂപ വാർഷികകണക്കുകളിൽ ചെലവായി അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ പ്രസ്തുത അക്കൗണ്ടിലെ 31.03.23 ലെ യഥാർത്ഥ നീക്കിയിരിപ്പ് 96176 രൂപയും ബി-4 ഷെഡ്യൂൾ പ്രകാരമുള്ള ബാദ്ധ്യത 157331 രൂപയുമാണ്.

**1-1-14 നീക്കിയിരിപ്പില്ലാത്ത തുക ബാദ്ധ്യതയായി അക്കൗണ്ട് ചെയ്തിരിക്കുന്നു**

സംയുക്ത പ്രോജക്ടുകൾക്കുള്ള അക്കൗണ്ടിൽ RP 40(B) ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പില്ല. എന്നാൽ B-4 ഷെഡ്യൂളിൽ 106943 രൂപ ബാദ്ധ്യതയായി അക്കൗണ്ട് ചെയ്തിട്ടുണ്ട്.

**1-1-15 തൊഴിലുറപ്പ് പദ്ധതി കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല**

തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവുകൾക്ക് മുൻകൂറായി നൽകുന്ന തുകകൾ Advance To NREGS/AUGES, Other Advances എന്നീ രണ്ട് ശീർഷകങ്ങളിലും അക്കൗണ്ട് ചെയ്തിട്ടുണ്ട്. കൂടാതെ തൊഴിലുറപ്പ് പദ്ധതി വരവ്, ചെലവ് കണക്കുകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

**1-1-16 ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത വ്യക്തമല്ല**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activity ആയി രേഖപ്പെടുത്തിയ തുകയും തുല്യമല്ലാത്തതിനാൽ മേൽ പത്രികയുടെ കൃത്യത വ്യക്തമല്ല.

**1-1-17 ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശങ്ങളില്ല**

2022-23 ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്യപ്പെട്ട 65.19 ലക്ഷം രൂപയുടെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല.

**1-1-18 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-18 ഷെഡ്യൂളിലെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.**

അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-18 ഷെഡ്യൂളിലെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. പ്രസ്തുത ഷെഡ്യൂളിൽ വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിൽ നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറായി കൈമാറിയ വലിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട്. എന്നാൽ രേഖകളുടെ അഭാവത്തിൽ പ്രസ്തുത തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കുവാൻ സാധിച്ചില്ല.

**1-1-19 Liabity In Respect Of Stale Cheque ആയി രേഖപ്പെടുത്തിയ തുകയുടെ കൃത്യത വ്യക്തമല്ല**

ബാലൻസ് ഷീറ്റ് 350800101 ശീർഷകത്തിൽ (Liabity In Respect Of Stale Cheques) രേഖപ്പെടുത്തിയിരിക്കുന്ന 26200 രൂപയുടെ കൃത്യത വ്യക്തമല്ല.

**1-1-20 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന റേഷ്യോസ്, നോട്ട് ഓൺ അക്കൗണ്ട്സ് എന്നിവ ഓഡിറ്റിനായി ലഭ്യമാക്കിയില്ല.

**1-1-21 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല**

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

**1-1-22 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

**1-1-23 വിവിധ വരവിനങ്ങളുടെ ഡി.സി.ബി വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല**

വസ്തു നികുതി, ബസ് സ്റ്റാന്റ് വരവ് എന്നിവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

**1-1-24 ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള വരവ്-കൃത്യമായ കണക്കുകളില്ല**

വാർഷികകണക്കുകളിലെ I-19 (Prior Period Income)ഷെഡ്യൂളിൽ 190100101, 190200401, 190300403 എന്നീ ശീർഷകങ്ങളിൽ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ പ്രകാരം ഈടാക്കിയിട്ടുള്ള ഓഡിറ്റ് റിക്കവറി തുകകൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ ഇത് സംബന്ധിച്ച കൃത്യമായ വിശദാംശങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിലുള്ള വരവിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.

**1-2 ബജറ്റ്**

2022-23 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 30.03.2022 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 15.3.2023 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 5255394 | 4570573 |
| വരവ് | 202920500 | 170211923 |
| ആകെ | 208175894 | 174782496 |
| ചെലവ് | 203518470 | 161961736 |
| നീക്കിയിരിപ്പ് | 4657424 | 12820760 |

**1-3 സാമ്പത്തിക വിശകലനം**

**റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 18483994.94 |
| ഓഡിറ്റ് വർഷത്തെ വരവ് | 55931890 |
| ആകെ | 74415884.94 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 41444097 |
| നീക്കിയിരിപ്പ് | 32971787.94 |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 146353000 |

| | |
|---|---|
| ആകെ ചെലവ് | 142388572 |
| വരുമാനമിച്ചം | 3964428 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 711479 |
| അറ്റ വരുമാനമിച്ചം | 4675907 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1246048 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് (സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 19219000 | 19219000 | 18166002 | 1052998 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3948000 | 3948000 | 3919143 | 28857 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7651000 | 7651000 | 5223862 | 2427138 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5414000 | 5414000 | 5265145 | 148855 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 5616000 | 8131000 | 13747000 | 2890724 | 10856276 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 1534241 | 6340050* | 7874291 | 5001133 | 2873158 |
| ഐ.സി.ഡി.എസ് | 357545 | 960447 | 1317992 | 469022 | 848970 |
| ശുചിത്വമിഷൻ ഗ്രാന്റ് | 779664 | 0 | 779664 | 0 | 779664 |
| സാക്ഷരത | 8839 | 241 | 9080 | 0 | 9080 |
| എസ്.എസ്.എ | 16883 | 461 | 17344 | 0 | 17344 |
| ഹെൽത്ത് ഗ്രാന്റ് (ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ) | 0 | 291824 | 291824 | 18791 | 273033 |
| ഹെൽത്ത് ഗ്രാന്റ് (വെൽനെസ് സെന്ററേഴ്സ്) | 0 | 157331 | 157331 | 61155 | 96176 |

* ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായ പലിശ 389835/- രൂപ ഉൾപ്പെടെ

1.വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 2164877 രൂപ, 237862 രൂപ വീതം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

2.ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

3.റോഡിതര സംരക്ഷണ ഗ്രാന്റിന്റെ തൻവർഷ ചെലവ് സാംഖ്യ ACR, വാർഷികകണക്കുകൾ എന്നിവ പ്രകാരം 5265145 രൂപയാണ്. എന്നാൽ അങ്കണവാടികൾക്ക് വാടക നൽകൽ എന്ന പ്രോജക്ടിനായി ചെലവഴിച്ച 143400 രൂപ ഉൾപ്പെടാത്തതിനാൽ സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവ് 5121745 രൂപയാണ്.

4.കറവപശുക്കൽക്ക് കാലിത്തീറ്റ സബ്സിഡി എന്ന പ്രോജക്ടിലുൾപ്പെടുത്തി (പ്രോജക്ട് നം.78/23) പൊതുവിഭാഗം ജനറൽ ഫണ്ടിൽ നിന്നും 199130 രൂപയുടെ ചെലവ് സാംഖ്യ ACR ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ചെലവില്ലാത്തതിനാൽ സുലേഖ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ പ്രസ്തുത ചെലവ് പ്രതിഫലിച്ചിട്ടില്ല.

5.എസ്.സി. പെൺകുട്ടികൾക്ക് വിവാഹധനസഹായം എന്ന പ്രോജക്ടിലുൾപ്പെടുത്തി (പ്രോജക്ട് നം.69/23) എസ്.സി.പി ഫണ്ടിൽ നിന്നും 14868 രൂപയുടെ ചെലവ് സാംഖ്യ ACRൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ചെലവില്ലാത്തതിനാൽ സുലേഖ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ പ്രസ്തുത ചെലവ് പ്രതിഫലിച്ചിട്ടില്ല.

6.ധനകാര്യകമ്മീഷൻ അൺടൈഡ് ഗ്രാന്റിന്റെ ചെലവ് സാംഖ്യ ACR പ്രകാരം 5438145 രൂപയാണ്. എന്നാൽ 126212 രൂപ യഥാർത്ഥത്തിൽ ചെലവാകാത്തതിനാലും 310800 രൂപ അക്കൗണ്ട് മാറി ചെലവഴിച്ചതിനാലും ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ചെലവ് 5001133 രൂപയാണ്.

7.ഹെൽത്ത് ഗ്രാന്റ് (വെൽനെസ് സെന്ററേഴ്സ്) തൻവർഷ ചെലവ് തുകയായ 61155 രൂപ വാർഷികകണക്കുകളിൽ ചെലവായി അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ പ്രസ്തുത അക്കൗണ്ടിലെ 31.03.23 ലെ യഥാർത്ഥ നീക്കിയിരിപ്പ് 96176 രൂപയും ബി-4 ഷെഡ്യൂൾ പ്രാകരമുള്ള ബാദ്ധ്യത 157331 രൂപയുമാണ്.

8. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ 389835/- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , വാർഷിക ധനകാര്യ പത്രിക എന്നിവയിൽ പ്രതിഫലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി അവലോകനം.

ഗ്രാമപഞ്ചായത്തിന്റെ 2022-23ലെ വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം 01.02.2022ൽ നടക്കുകയുണ്ടായി. പദ്ധതിരൂപീകരണ ഗ്രാമസഭകൾ-04.02.2022 മുതൽ 10.02.2022 വരെ നടത്തിയിരുന്നു. 18.03.2023ൽ ഭരണസമിതി അംഗീകരിച്ച പ്രസ്തുത പ്രോജക്ടുകൾ 24.03.2023ലെ 8189/22/18/DCP/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 175 | 115 | 124578767 | 55936205 | 44.9 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ വാർഷികപദ്ധതി പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച | നടപ്പിലാക്കിയ പ്രോജക്ടുകളുടെ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | പ്രോജക്റ്റുകൾ | എണ്ണം | | | |
| കൃഷി ഓഫീസർ | 4 | 4 | 5985000 | 3129447 | 52.29 |
| വെറ്ററിനറി സർജൻ | 4 | 4 | 2700000 | 1900000 | 70.37 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 8 | 7 | 1822926 | 1016941 | 55.79 |
| വി.ഇ.ഒ | 19 | 16 | 55650000 | 21517425 | 38.67 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 5 | 4740450 | 4320655 | 91.14 |
| സെക്രട്ടറി | 36 | 26 | 10941534 | 6393643 | 58.43 |
| ഹെഡ്മാസ്റ്റർ | 3 | 3 | 850000 | 848842 | 99.86 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 77 | 38 | 37442307 | 14337845 | 38.29 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 1648260 | 794718 | 48.22 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 9 | 2798290 | 1676689 | 59.92 |
| ആകെ | 175 | 115 | 124578767 | 55936205 | 44.9 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പു പദ്ധതിയുടെ 2022-23 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 13 വാർഡുകളിൽ ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ലേബർ ബജറ്റ് പ്രകാരം ആകെ 588 പദ്ധതികൾ വിഭാവനം ചെയ്തതിൽ 121 പ്രോജക്റ്റുകൾക്ക് സാങ്കേതിക അനുമതി ലഭിക്കുകയും പൂർത്തീകരിക്കുകയും ചെയ്തു. 54133 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 845 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. സംഘകൃഷി, തോട് ആഴം കൂട്ടൽ, പാടശ്ശേഖരങ്ങളുടെ വാച്ചാൽ ആഴം കൂട്ടൽ, കാലിതൊഴുത്ത്, ആട്ടിൻ കൂട് മുതലായ പ്രോജക്റ്റുകളാണ് തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയത്. വാർഷികകണക്കുകൾ പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2379.80 | 1026093 | 1028472.8 | 1023995.8 | 4477 |
| തൊഴിലാളികൾക്ക് നേരിട്ടു നൽകിയത് | 0 | 22891286 | 22891286 | 22891286 | 0 |
| | 2379.80 | 23917379 | 23919758.8 | 23915281.8 | 4477 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 15120 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 10920500 | 948 |
| വിധവാ പെൻഷൻ | 6897000 | 622 |
| വാർദ്ധക്യകാല പെൻഷൻ | 20535000 | 1902 |
| വികലാംഗ പെൻഷൻ | 2725200 | 252 |
| അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതരുടെ പെൻഷൻ | 313600 | 27 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.10.2023 തീയതിയിൽ 3.10 പി എം-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 218715/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണസംവിധാനം മെച്ചപ്പെട്ട രീതിയിൽ നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കുന്നുണ്ട്.

1) <u>പൊതുനിയന്ത്രണം</u>

ഗ്രാമ പഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2) <u>അക്കൗണ്ടിംഗ് സംവിധാനം (ILGMS Software മുഖേന)</u>

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള പ്രകാരം ഓഡിറ്റ് വർഷം ILGMS സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല.

3) <u>നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം</u>

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ വസ്തുനികുതി വാടക, ലേലം, ലൈസൻസ് എന്നിവ ഉൾപ്പെടെയുള്ള വരവിനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

4) <u>വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം</u>

പ്രൊക്യുർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രൊക്യുർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടി പ്രോക്യുർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും മാത്രമാണ് നടത്തിയിട്ടുള്ളത്.

5) <u>പേ റോൾ നിയന്ത്രണം</u>

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

6) <u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

കേന്ദ്ര /സംസ്ഥാന ഫണ്ട് വിഹിതങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതും ബി4-പട്ടികയുമായി ബന്ധപ്പെടുത്തി സൂക്ഷിക്കേണ്ട ACR സൂക്ഷിയ്ക്കുന്നില്ല. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, വാട്ടർ ചാർജ്ജ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ലോൺ രജിസ്റ്റർ, സർക്കാരിലേയ്ക്ക് അടവാക്കാനുള്ള ബാദ്ധ്യതകളുടെ രജിസ്റ്റർ എന്നിവ കൃത്യമായും കാലികമായും സൂക്ഷിച്ചിട്ടില്ല.

7) <u>ആസ്തി നിയന്ത്രണം ഫലപ്രദമല്ല</u>

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

8) <u>ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള പഞ്ചായത്ത് തീരുമാനം</u>

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച | |
|---|---|---|---|---|---|

| | | | |
|---|---|---|---|
| | നടത്തിയ തീയതി | | തീയതി |
| പെർഫോമൻസ് ഓഡിറ്റ് | 20.07.2022 | 01/22-03/22 | 20.07.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.05.2014 | 2009-10 മുതൽ 2013-14 വരെ | LBA(HG)-11/8A-2168/169 DT 24.07.2014 |

## 1-11 ഒരേ റോഡ് തന്നെ വിവിധ രീതിയിൽ വസ്തുനികുതി നിർണ്ണയത്തിന് പരിഗണിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20% നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10% നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20% നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ വിവരം | രോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | XI/437 | പ്രസിഡന്റ്, ഗരുഢ സാരസ്വത ബ്രാഹ്മണ സമൂഹം | പനമ്പാലം-അങ്ങാടി റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| | XI/437 A | | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 2 | VII/10 | ത്രേസ്യാമ്മ & അന്നമ്മ ജോസഫ്, ചെക്കോന്ത | നേരേകടവ് കുന്നുംപുറം റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| | VII/ 10 B | ബിജു,പുഞ്ചക്കര, ആർപ്പൂക്കര | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.27/12.10.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ വിഷയത്തിൽ പരിശോധന നടത്തി ആവശ്യമെങ്കിൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇത്തരത്തിൽ കൂടുതൽ അപാകതകൾ ഇല്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-12 വസ്തുനികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകി

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സഞ്ചയ റവന്യൂ മൊഡ്യൂൾ-പ്രോപ്പർട്ടി ടാക്സ് പരിശോധിച്ചതിൽ, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ -207 പ്രകാരം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെടേണ്ട കെട്ടിടങ്ങളുടെ ലിസ്റ്റ് ഉള്ളതായി കണ്ടു. എന്നാൽ നിയമപരമായി നികുതി ഒഴിവാക്കപ്പെടേണ്ട കെട്ടിടങ്ങൾക്ക് പുറമേ നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങളും ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ വിവരം | വിസ്തീർണ്ണം (ച.മീറ്ററിൽ) |
|---|---|---|---|
| 1 | VIII /482 A | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി | 50 |
| 2 | IX /488 F | അസിസ്റ്റന്റ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി | 1220 |
| 3 | IX /490 A | അസിസ്റ്റന്റ് എഞ്ചിനീയർ, പിഎച്ച്എംസി സെക്ഷൻ, കേരള വാട്ടർ അതോറിറ്റി | 600 |
| 4 | IX/490 D | അസിസ്റ്റന്റ് എഞ്ചിനിയർ, വാട്ടർ അതോറിറ്റി | 70 |

മേൽ കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/12.10.23) ടി കെട്ടിടങ്ങളുടെ നിലവിലെ അവസ്ഥ പരിശോധിച്ച് ഈ വർഷം മുതൽ വസ്തുനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഈ വിഷയത്തിൽ ആവശ്യമായ പരിശോധനകൾ നടത്തേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി പിരിവ് അപാകതകൾ

### I. വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | അർദ്ധവർഷം |
|---|---|---|---|
| 1 | ഐസക്ക് ജോൺ , പെട്രോൾ ബങ്ക്, I/337 | രേഖപ്പെടുത്തിയിട്ടില്ല | 1,2 |
| 2 | ദോ ജോളി കുര്യൻ സ്കാനിംഗ് സെന്റർ , VIII/446 | ,, | 1,2 |
| 3 | ദോ ജോളി കുര്യൻ ഡെന്റൽ ക്ലിനിക്, VIII/247B | 2 | 1,2 |
| 4 | ഡി ഡി ആർ സി എസ് ആർ എൽ ലാബ്, IX/413B,457,458 | രേഖപ്പെടുത്തിയിട്ടില്ല | 1,2 |

| | | | |
|---|---|---|---|
| 5 | ജാൻസി ചാക്കോ ക്ലിനിക്കൽ ലാബ് , V/355E | ,, | 1,2 |
| 6 | സോജി ഒ എസ് , സോമിൽ , VII/452 | ,, | 1,2 |
| | കൊച്ചുപറമ്പിൽ സൊമിൽ കോളേട്ടമ്പലം | 4 | 1,2 |
| 7 | ആർപ്പൂക്കര SCB വളം ഡിപ്പോ | 2 | 1,2 |
| | സെൻറ് ജോർജ് റബേഴ്സ്, XV /124 | 4 | 1,2 |
| 8 | കെഎംവി മെഡിക്കൽസ് | ലഭ്യമല്ല | 1,2 |

**II. ഗ്രാമപഞ്ചായത്തിലെ താത്കാലിക ജീവനക്കാർ**

1. ദിലീപ് എം ആർ , ഫെറി മാൻ , 80 ൽ ചിറ കടത്ത്
2. ജനാർദ്ദനൻ കെ പി , ഫെറി മാൻ , ഒന്നാം വാർഡ് കടത്ത്
3. സിജിമോൻ കെ ജി , ഡ്രൈവർ
4. ബേബി എം ഇ , ഫെറി മാൻ ,രണ്ടാം വാർഡ് കടത്ത്

**III. ഗ്രാമ പഞ്ചായത്തിലെ വിവിധ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ**

1. സെബാസ്റ്റ്യൻ സി വി
2. രജി ജോസഫ്
3. റോഹിൻ സി
4. ജിനു ജോർജ്
5. രതീഷ് പി എസ്
6. എബി ജോസഫ്
7. ജോയൻ എ ജെ
8. സുനിൽ കുമാർ എസ്
9. മിഥുൻ മാത്യു
10. അലക്സ് തോമസ്

**IV. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

സിസ്റ്റർ സലീനാമ്മ ജോസഫ് അസിസ്റ്റൻറ് ടീച്ചർ, എസ് എച്ച് ജ്ഞാനോദയാ സ്കൂൾ, ആർപ്പൂക്കര (1-ാം അർദ്ധ വർഷം 1250 രൂപ നികുതി അടച്ചിട്ടുണ്ട് , രണ്ടാം അർദ്ധ വർഷം നികുതി ഈടാക്കിയിട്ടില്ല )

**V. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

1. ടി എസ് നമ്പർ 43 (ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി)
2. ആർപ്പൂക്കര കോ ഓപ്പറേറ്റിവ് ഹൗസിങ്ങ് സൊസൈറ്റി , പനമ്പാലം

**VI. ഡിമാൻറ് കണക്കാക്കിയതിൽ കുറവ്**

1. ഇന്ത്യൻ കോഫി ഹൗസ്, മെഡിക്കൽ കോളേജ് എന്ന സ്ഥാപനത്തിൽ നിന്നും ഒന്നാം അർദ്ധവർഷത്തെ വരുമാനപത്രികയിൽ ജീവനക്കാരുടെ ശമ്പള വിവരങ്ങൾ ഉൾപ്പെടുത്താതെ തൊഴിൽ നികുതി കണക്കാക്കി 30 ജീവനക്കാരുടെ തൊഴിൽ നികുതിയായി 8100/- രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ രണ്ടാം അർദ്ധവർഷത്തിൽ ഇതേ എണ്ണം ജീവനക്കാരുടെ ശമ്പളത്തെ അടിസ്ഥാനമാക്കി തൊഴിൽ നികുതി നിർണ്ണയിച്ചപ്പോൾ 29700/- രൂപ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. ആയതിനാൽ ഒന്നാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി

ഇനത്തിൽ 21600/- രൂപ കുറവായി അടച്ചതായി കാണുന്നു.
ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31/13.10.2023) മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 ബസ് സ്റ്റാന്റ് ഫീസ് പിരിവ്- നടപടിക്രമങ്ങൾ പാലിച്ചില്ല

വാർഷികകണക്കുകൾ പ്രകാരം തൻ വർഷം ബസ് സ്റ്റാന്റ് വരവിനത്തിൽ 431400107 എന്ന ശീർഷകത്തിൽ 119000 രൂപയും 140500203 എന്ന ശീർഷകത്തിൽ 67000 രൂപയും വരവുണ്ട്. മെഡിക്കൽ കോളേജ് ബസ് സ്റ്റാന്റ് ടോൾ പിരിവ്, ബസ് സ്റ്റാന്റിലെ ബസുകളുടെ സമയ വിവരം അനൗൺസ് ചെയ്യൽ എന്നിവയാണ് ഗ്രാമപഞ്ചായത്ത് ഓരോ വർഷവും ലേലം ചെയ്ത് നൽകി വരുന്നത്. എന്നാൽ തൻവർഷത്തേക്ക് മേൽ ഇനങ്ങളിൽ ലേലം നടത്തിയതായി കാണുന്നില്ല. ലേല രജിസ്റ്ററിലും ഇത് സംബന്ധിച്ച് രേഖപ്പെടുത്തൽ ഉണ്ടായിരുന്നില്ല. ലേലം നടത്തിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/12.10.22) 2021-22 വർഷം ലേലത്തിൽ പിടിച്ചയാൾക്ക് കോവിഡ്, ലോക്ക്ഡൗൺ എന്നിവ മൂലം പ്രസ്തുത വർഷത്തിന്റെ ആദ്യപാദത്തിൽ പിരിവ് നടക്കാത്തതിനാൽ 30.06.2022 വരെ പിരിവ് കാലാവധി നീട്ടി നൽകിയെന്നും ആയതിനെ തുടർന്ന് 5000 രൂപ വർദ്ധനവ് വരുത്തി ടിയാൾക്ക് തന്നെ 2022-23 വർഷം മുഴുവൻ കാലയളവിലേക്ക് പിരിവ് അവകാശം പുതുക്കി നൽകിയെന്നും മറുപടി ലഭ്യമാക്കി. എന്നാൽ 2021-22 വർഷം ലേലം കൊണ്ട ആൾക്ക് 30.06.2022 ന് ശേഷവും ലേല നടപടികൾ നടത്താതെ പ്രസ്തുത സാമ്പത്തിക വർഷം മുഴുവനും പിരിവ് അവകാശം നൽകിയ നടപടി ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ചുള്ള ഭരണസമിതിയുടെ 12.07.22 ലെ യോഗത്തിലെ 13-ാം നമ്പർ തീരുമാനത്തിൽ ബസ് സ്റ്റാന്റ് പൊളിച്ച് പുനർനിർമ്മിക്കുന്നതിന് നടപ്പ് വർഷം പദ്ധതിയുള്ളതിനാൽ ടിയാൾക്ക് തന്നെ തൻവർഷത്തേക്ക് പിരിവ് അവകാശം നൽകുന്നുവെന്നാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ നാളിതുവരെ ബസ് സ്റ്റാന്റ് പൊളിച്ച് മാറ്റിയിട്ടില്ല. ആയതിനാൽ ഭാവിയിൽ ബസ് സ്റ്റാന്റ് പിരിവുകൾ ലേല നടപടികളിലൂടെ സുതാര്യമായി മാത്രം നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം

വിവിധ സേവനങ്ങൾക്കും നികുതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി തുക ഒടുക്കുന്നത് പഞ്ചായത്തിന്റെ 67394237148 എന്ന എസ്.ബി.ഐ. കറണ്ട് അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. ഓൺലൈൻ പേമെന്റിനായി സോഫ്റ്റ്‌വെയറിൽ മാപ്പ് ചെയ്തിരിക്കുന്ന ടി അക്കൗണ്ടിൽ വരവ് രസീത് ചെയ്ത ശേഷം തുക അക്കൗണ്ടിൽ ക്രെഡിറ്റാകുന്നതിന് വളരെയധികം കാലതാമസം നേരിടുന്നതായി പരിശോധനയിൽ കാണുന്നു. പഞ്ചായത്തിന്റെ മേൽപറഞ്ഞ ഓൺലൈൻ ആവശ്യത്തിനുള്ള ബാങ്ക് അക്കൗണ്ടിന്റെ മാർച്ച്-2023 ലെ റീക്കൺസിലേഷൻ പത്രിക പ്രകാരം 31/03/2023 വരെ രസീത് ചെയ്തതിൽ 53692/-(Cheque Deposited But Not Cleared) രൂപ ലഭിക്കുവാനുണ്ട്. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്തിന്റെ വരുമാനം IKM-ൽ നിന്നും ലഭിക്കാൻ കാലതാമസം നേരിടുന്ന പ്രസ്തുത വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/09.10.23) രസീതുകളിലെ വരവ് ക്രെഡിറ്റാകുന്നതിന്റെ കാലതാമസം സംബന്ധിച്ച് IKM ന് പരാതി നൽകിയിട്ടും നാളിതുവരെ പരിഹാരമുണ്ടായിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കി. പഞ്ചായത്തിന് ഓൺലൈനായി ലഭിക്കുന്ന വരവുകൾ കാലതാമസമില്ലാതെ ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് വകുപ്പ് തലത്തിൽ IKM മായി ബന്ധപ്പെട്ട് യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 കറണ്ട് അക്കൗണ്ടുകളിൽ 76 ലക്ഷം രൂപ നീക്കിയിരിപ്പ്- പഞ്ചായത്തിന് പലിശയിനത്തിൽ വരവ് നഷ്ടം

ഗ്രാമപഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്ക് ആരംഭിച്ചിട്ടുള്ള കറന്റ് അക്കൗണ്ടുകളിൽ 31.08.2023 തീയതിയിൽ ആകെ 7600924/- രൂപ നീക്കിയിരിപ്പുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നം. | ബാങ്ക് | ആവശ്യം | അക്കൗണ്ടിലെ 31.08.2023 ലെ നീക്കിയിരിപ്പ് |
|---|---|---|---|

| | | | |
|---|---|---|---|
| 67394237148 | എസ്.ബി.ഐ | ഇ-പേമെന്റ് | 2967745 |
| 093007300000128 | സൗത്ത് ഇൻഡ്യൻ ബാങ്ക് | POS മെഷീൻ, Hospital Koisk എന്നിവയിലെ ഇടപാടുകൾ | 4633179 |
| ആകെ | | | 7600924 |

പ്രസ്തുത ബാങ്ക് അക്കൗണ്ടുകൾ കറന്റ് അക്കൗണ്ടുകൾ ആയതിനാൽ പലിശ ലഭിക്കാതിരിക്കുകയും വലിയ തുകകൾ കറണ്ട് അക്കൗണ്ടിൽ ബാലൻസ് നിലനിർത്തുന്നതു മൂലം ഗ്രാമപഞ്ചായത്തിന് പലിശയിനത്തിലുള്ള വരുമാന നഷ്ടം ഉണ്ടാകുകയും ചെയ്യുന്നു. മേൽ സാഹചര്യത്തിൽ അത്യാവശ്യമുള്ള തുകകൾ കറന്റ് അക്കൗണ്ടുകളിൽ നിലനിർത്തിക്കൊണ്ട് ബാക്കി തുകകൾ സേവിംഗ്സ് അക്കൗണ്ട്, സ്ഥിരനിക്ഷേപം എന്നിവയിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/09.10.23) ഇതിൽ സൗത്ത് ഇൻഡ്യൻ ബാങ്ക് അക്കൗണ്ടിലെ തുക സ്ഥിരനിക്ഷേപമാക്കുന്നതിനുള്ള തീരുമാനം ജനറൽ കമ്മിറ്റി എടുത്തിട്ടുള്ളതാണെന്നും എസ്.ബി.ഐ അക്കൗണ്ടിലെ തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കറന്റ് അക്കൗണ്ടിലെ തുകകൾ അടിയന്തിരമായി സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റി പലിശയിനത്തിലുള്ള വരുമാനം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**<u>മിച്ചഫണ്ട് സ്ഥിരനിക്ഷേപമാക്കി മാറ്റാവുന്നതാണ്</u>**

മേൽ കറന്റ് അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ള തുകകൾ കൂടാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് സേവിംഗ്സ് അക്കൗണ്ടുകളായ ആർപ്പൂക്കര സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട്(നം.0123000000302) എസ്.ബി.ഐ അക്കൗണ്ട് (നം.57011374336) എന്നിവയിൽ 31.08.2023 ൽ യഥാക്രമം 13808702, 2157309 രൂപ വീതം നീക്കിയിരിപ്പുണ്ട്. ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിലെ കറന്റ്, സേവിംഗ്സ് അക്കൗണ്ടുകളിൽ ഏകദേശം 2കോടി രൂപയിലധികം നീക്കിയിരിപ്പുള്ളതായി കാണുന്നു. ആയതിനാൽ സേവിംഗ്സ് അക്കൗണ്ടിലെ ബാലൻസ് തുകയിൽ നിന്നും ഒരു നിശ്ചിത തുക (പഞ്ചായത്തിലെ ദൈനംദിന ആവശ്യങ്ങൾ, വികസനപ്രവർത്തനങ്ങൾ എന്നിവയ്ക്ക് വകയിരുത്തിയശേഷം) സ്ഥിരനിക്ഷേപമാക്കി മാറ്റി പലിശയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-17 വാടക - 2437674 രൂപ മുൻവർഷ കുടിശ്ശിക നിലനിൽക്കുന്നു</u>

2022-23 വർഷത്ത വാർഷികകണക്കുകൾ പ്രകാരം വാടകയുടെ മുൻവർഷ കുടിശ്ശികയിനത്തിൽ 2437674 രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത കുടിശ്ശിക ഏത് കടമുറികളുടേതാണെന്നും ഏത് വർഷം മുതലുള്ള കുടിശ്ശികയാണെന്നുമുള്ള വിശദാംശങ്ങൾ സഹിതം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/12.10.23) പ്രസ്തുത കുടിശ്ശിക 2008-09 വർഷം മുതൽ അടവാക്കാനുള്ളതാണെന്നും ഈടാക്കുന്നതിന് റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും റവന്യൂ വകുപ്പിൽ നിന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. റവന്യൂ റിക്കവറി നടപടികൾ പൂർത്തികരിച്ച് കുടിശ്ശിക പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. കൂടാതെ വാടകയിനത്തിൽ തൻവർഷ കുടിശ്ശികയായി ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്ന 20434/- രൂപ കൂടി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## <u>1-18 അധികവിഭവ സമാഹരണം</u>

1. കേരളപഞ്ചായത്ത് രാജ് നിയമത്തിലെ 162-ാം വകുപ്പ് പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെ നികുതി പിരിവിനായി ക്യാമ്പ് കളക്ഷനുകൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പിരിവ് പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പിരിവിൽ കാര്യമായ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.
2. സ.ഉ.(കൈ) 77/2023/തസ്വഭവ തീയതി 22.3.2023 പ്രകാരം 1.4.2023 പ്രാബല്യത്തിൽ ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തുനികുതി പരിഷ്ക്കരിക്കുന്നതിന് ഭരണസമിതി തീരുമാനം

(നമ്പർ 2(1)/11.09.2023) എടുത്തിട്ടുണ്ട്. ഇതിനെ തുടർന്ന് കരട് വിജ്ഞാപനം പുറപ്പെടുവിച്ച് പൊതുജനങ്ങളിൽനിന്ന് അഭിപ്രായങ്ങൾ, ആക്ഷേപങ്ങൾ ക്ഷണിക്കുകയും പത്രത്തിലും നോട്ടീസ് ബോർഡിലും വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ വസ്തുനികുതി നിരക്കുകൾ അന്തിമമായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ലാത്തതിനാൽ നിരക്കുകൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദേശങ്ങൾ അവതരിപ്പിക്കുന്നതിലും ആയത് നടപ്പിലാക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കാര്യമായി ഇടപെടൽ നടത്തിയിട്ടില്ലെന്നു കമ്മിറ്റി മിനിറ്റ്സ് പരിശോധനയിൽ ബോധ്യപ്പെട്ടു. പഞ്ചായത്തിന്റെ റോഡ് മാപ്പ് പരിഷ്ക്കരിക്കേണ്ട സാഹചര്യമാണുള്ളത്. പലപ്പോഴും ഒരേ റോഡിന് വിവിധ തരത്തിലായി നികുതി ഇളവും വർദ്ധനവും നൽകി വരുന്നതായി കാണുന്നു. സഞ്ചയ പരിശോധിച്ചതിൽ നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയിട്ടുള്ളതായി കാണുന്നു.

4. കോട്ടയം മെഡിക്കൽ കോളേജ് സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്ത് എന്ന നിലയിൽ തൊഴിൽനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് വലിയ തുക വരവുണ്ട്. തൊഴിൽ നികുതിയിനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം കുടിശികയില്ലെങ്കിലും പ്രൊഫഷണൽസ്, ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൗണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയവിഭാഗം തൊഴിൽ നികുതിയിൽ നിന്ന് ഒഴിവായി നിൽക്കുന്നുണ്ടെന്നു കാണുന്നു. കൃത്യമായ ഡേറ്റാ ബാങ്ക് തയ്യാറാക്കി പരമാവധി സ്ഥാപനങ്ങൾ, ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. ലൈസൻസെടുക്കാതെ ധാരാളം സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. കൃത്യമായ ട്രേഡേഴ്സ് ലിസ്റ്റ് നിലവിലും സൂക്ഷിക്കുന്നില്ല. തൻവർഷ വാടക പിരിവ് ഏകദേശം പൂർണ്ണമാണെങ്കിലും കുടിശ്ശിയിനത്തിൽ 2008-09 വർഷം മുതലുള്ള 24 ലക്ഷം രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്.

6. മെഡിക്കൽ കോളേജ് ബസ് സ്റ്റാന്റ് ടോൾ പിരിവ്, ബസ് സ്റ്റാന്റിലെ ബസുകളുടെ സമയ വിവരം അനൗൺസ് ചെയ്യൽ എന്നിവ ഗ്രാമപഞ്ചായത്ത് ഓരോ വർഷവും ലേലം ചെയ്ത് നൽകി വരുന്നുണ്ട്. എന്നാൽ 2022-23 വർഷം മേൽ ഇനങ്ങളിൽ ലേലം നടത്തിയതായി കാണുന്നില്ല. ലേല രജിസ്റ്ററിലും ഇത് സംബന്ധിച്ച് രേഖപ്പെടുത്തൽ ഉണ്ടായിരുന്നില്ല. 2021-22 വർഷം ലേലത്തിൽ പിടിച്ചയാൾക്ക് കോവിഡ്, ലോക്ക്ഡൗൺ എന്നിവ മൂലം പ്രസ്തുത വർഷത്തിന്റെ ആദ്യപാദത്തിൽ പിരിവ് നടക്കാത്തതിനാൽ 30.06.2022 വരെ പിരിവ് കാലാവധി നീട്ടി നൽകുകയും ആയതിനെ തുടർന്ന് 5000 രൂപ വർദ്ധനവ് വരുത്തി ടിയാൾക്ക് തന്നെ 2022-23 വർഷം മുഴുവൻ കാലയളവിലേക്ക് പിരിവ് അവകാശം പുതുക്കി നൽകുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ 2021-22 വർഷം ലേലം കൊണ്ട് ആൾക്ക് 30.06.2022 ന് ശേഷവും ലേല നടപടികൾ നടത്താതെ പ്രസ്തുത സാമ്പത്തിക വർഷം മുഴുവനും പിരിവ് അവകാശം നൽകിയ നടപടി ക്രമപ്രകാരമല്ല. ഇത്തരം നടപടിക്രമങ്ങളിലെ അപാകതകൾ മൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ലെന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

7. ഗ്രാമപഞ്ചായത്തിന് 2135000 രൂപയാണ് സ്ഥിരനിക്ഷേമായിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ തനതുവരവുകൾ ക്രഡിറ്റ് ചെയ്യപ്പെടുന്ന വിവിധ ബാങ്ക് അക്കൗണ്ടുകളിലായി 31-8-23-ൽ ഏകദേശം 2കോടി രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ 76 ലക്ഷം രൂപ പലിശ രഹിത കറന്റ് അക്കൗണ്ടിലാണുള്ളത്. ഓരോ സാമ്പത്തികവർഷാവസാനത്തിലും ടി അക്കൗണ്ടുകളിലെ മിച്ചതുകയിൽനിന്ന് ഒരു നിശ്ചിത തുക (പഞ്ചായത്തിന്റെ ദൈനംദിന ആവശ്യങ്ങൾ കഴിഞ്ഞുള്ളത്) സ്ഥിരനിക്ഷേപമാക്കിമാറ്റി പലിശയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. കൂടാതെ കറന്റ് അക്കൗണ്ടുകളിൽ അധികം തുക നീക്കിയിരിപ്പ് വരാതെ നിശ്ചിത കാലയളവിൽ തുകകൾ സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റേണ്ടതുമാണ്.

8. ദുരിതാശ്വാസനിധി നിർജ്ജീവാവസ്ഥയിലാണ്. പ്രസ്തുത അക്കൗണ്ടിലേക്ക് തൻ വർഷം വരവോ അക്കൗണ്ടിൽ നിന്ന് ചെലവോ നടത്തിയിട്ടില്ലാത്തതിനാൽ തൻവർഷം ദുരിതാശ്വാസനിധിയിൽ നിന്നും ആർക്കും ധനസഹായമൊന്നും അനുവദിച്ചിട്ടില്ലായെന്ന് വ്യക്തമാണ്. 500 രൂപ മാത്രമാണ് പ്രസ്തുത നിധിയിലെ നിലവിലെ നീക്കിയിരിപ്പ്. ദുരിതാശ്വാസ നിധി സമാഹരണം സ്പോൺസർഷിപ്പ് സാധ്യതകളും മറ്റും പ്രയോജനപ്പെടുത്തി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9. അപ്പർകുട്ടനാടിന്റെ ഭാഗമായുള്ള ആർപ്പൂക്കര ഗ്രാമപഞ്ചായത്തിൽ ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിന് വരുമാനം ഉണ്ടാകുന്ന തരത്തിൽ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കാവുന്നതാണ്.

## 1-19 വിവിധ സ്കൂളുകളിലേയ്ക്കും വായനശാലകളിലേയ്ക്കും പത്ര വിതരണം - പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം, പ്രോജക്ട് | 105/23, വിവിധ സ്കൂളുകളിലേയ്ക്കും വായനശാലകളിലേയ്ക്കും പത്ര വിതരണം |
| ചെലവ് | 49930 (വികസന ഫണ്ട് (ജനറൽ)<br>ബിൽ നം - 01/09.01.23 – 28230 രൂപ<br>ബിൽ നം - 02/25.03.23 – 21700 രൂപ |
| നിർവ്വഹണം | ഹെഡ് മിസ്ട്രസ്സ്, ഗവ.എൽ.പി.ബി സ്കൂൾ തൊണ്ണംകുഴി |

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 8.6 ക്രമ നമ്പർ 14, 15 പ്രകാരം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഫർണ്ണിച്ചർ, കെട്ടിടം ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങളും കമ്പ്യൂട്ടർവത്കരണം നടത്തൽ ഉൾപ്പെടെയുള്ള പ്രോജക്ടുകളും ഏറ്റെടുക്കാമെന്ന് പരാമർശിക്കുന്നു. എന്നാൽ പത്ര വരിസംഖ്യ നൽകുന്ന കാര്യം മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടില്ല. പ്രോജക്ടിന്റെ ഭാഗമായി പത്രവരിസംഖ്യ നൽകിയ വയോജനസംഘം വായനശാല, സൂര്യ വായനശാല, ആദർശം വായനശാല എന്നിവയ്ക്ക് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ഉണ്ടെങ്കിൽ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/11.10.23) സൂര്യ വായനശാലയ്ക്ക് നിലവിൽ ലൈബ്രറി കൗൺസിൽ അംഗീകാരം ഇല്ലെന്ന് മറുപടി നൽകി. പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കാനും ലൈബ്രറി കൗൺസിലുകളുടെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് മാത്രം ആനുകൂല്യങ്ങൾ നൽകാനും തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിക്കൽ - സർക്കാർ ഉത്തരവുകൾ പാലിച്ച് പ്രോജക്ട് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം / പ്രോജക്ട് | 140/23, എൽ പി സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി |
| നിർവ്വഹണം | ഹെഡ് മിസ്ട്രസ്സ്, ഗവ.എൽ പി ബി എസ് |
| ചെലവ് | 498912 (മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)<br>(ബിൽ നം - 05/25.03.23) |

സ.ഉ ( സാധാ )നം. 800/22/GEDN/14-02-22 ൽ ഐ സി ടി ഹാർഡ് വെയർ ഉപകരണങ്ങൾ സർക്കാർ ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് എന്നിവ ഉപയോഗിച്ച് പാലിക്കേണ്ട വ്യവസ്ഥകളും ഉപകരണങ്ങൾക്ക് ചെലവഴിക്കാവുന്ന തുകയും പരാമർശിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ ജെം മുഖേനയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. വാങ്ങിയ സ്മാർട്ട് ക്ലാസ് ഉപകരണങ്ങൾ ഗവ.എൽ പി ബി സ്കൂൾ, ഗവ. എൽ പി ജി സ്കൂൾ ആർപ്പൂക്കര എന്നിവിടങ്ങളിൽ സജ്ജീകരിച്ച് കുട്ടികൾക്കായി ഉപയോഗപ്പെടുത്തി വരുന്നുണ്ടെന്ന് 12/10/23 ൽ നടത്തിയ ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. ഉപകരണങ്ങൾ ഉപയോഗപ്രദമാണെങ്കിലും ഉത്തരവിൽ പരാമർശിച്ചിട്ടുള്ള തുകയിൽ അധികമായി വാങ്ങലിനായി ചെലവഴിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപകരണം | ചെലവഴിക്കാവുന്ന തുക (GST ഉൾപ്പെടെ) | ചെലവഴിച്ച തുക (GST ഉൾപ്പെടെ) | ഉപകരണങ്ങൾ വാങ്ങിയ സ്ഥാപനം |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| ലാപ് ടോപ്പ് HP 240 GB | 43981 | 48795 | കെ എം ടെക്നോളജീസ് വടവാതൂർ, കോട്ടയം |
| പ്രോജക്ടർ സീലിംഗ് മൗണ്ട് (RICM3) | 6200 | 7200 | |
| മൾട്ടിമീഡിയ പ്രോജക്ടർ (BENQ EH600) | 31248 | 75925 | |
| വാൾ മൗണ്ട് സ്ക്രീൻ (Vivido WMS) | 8299 | 2600 | |

അധിക തുക ചെലവഴിച്ചതിനുള്ള കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/11.10.2023) മറുപടിയായി പ്രയോജനപ്രദവും ഗുണമേന്മയുള്ളതുമായ ഉപകരണങ്ങൾ ജെം വഴി തെരെഞ്ഞെടുത്തതിനാലും ഉപകരണങ്ങളെല്ലാം പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനാലും പരാമർശം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. സ്മാർട്ട് ക്ലാസ് ഉപകരണങ്ങൾ വാങ്ങുമ്പോൾ മേൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ കൂടി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയ 2 കോടി രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നു

2022-23 വർഷത്തെ വാർഷികകണക്കുകളിലെ ബി-18 ഷെഡ്യൂൾ പരിശോധിച്ചതിൽ വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിൽ വിവിധ ഏജൻസികൾക്ക് മുൻകൂറായി നൽകിയിട്ടുള്ള തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | തുക നിക്ഷേപിച്ചിട്ടുള്ള സ്ഥാപനം | ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | 460500201 | വാട്ടർ അതോറിറ്റി | 13688957 |
| 2 | 460500202 | കെ.എസ്.ഇ.ബി | 3590510 |
| 3 | 460500401 | നിർമ്മിതി കേന്ദ്ര | 3535688 |
| | ആകെ | | 20815155 |

അഡ്വാൻസ് രജിസ്റ്ററിൽ മേൽ മുൻകൂറുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇവ ഏതൊക്കെ വർഷങ്ങളിൽ ഏതെല്ലാം പ്രോജക്ടുകൾക്ക് വേണ്ടി നൽകിയിട്ടുള്ളതാണെന്നോ യഥാർത്ഥത്തിൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്നതാണെന്നോ വ്യക്തമല്ല. മേൽ സാഹചര്യത്തിൽ പ്രസ്തുത മുൻകൂർ തുകകൾ നാളിതുവരെ ക്രമീകരിക്കാതെ അവശേഷിക്കുന്നതിനും ക്രമീകരിക്കാൻ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/09.10.23) അഡ്വാൻസ് രജിസ്റ്റർ കാലികമാക്കുന്നതാണെന്നും നാളിതുവരെ വിനിയോഗ വിവരം ലഭ്യമായത് തൻവർഷം തന്നെ ക്രമീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. എല്ലാത്തരം അക്രഡിറ്റഡ് ഏജൻസികൾ മുഖേനയും നടത്തുന്ന നിക്ഷേപ പ്രവൃത്തികൾക്കായി പ്രദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുക അതാത് വർഷം തന്നെ പ്രോജക്ട് പൂർത്തീകരണത്തിനായി ചെലവഴിക്കേണ്ടതാണെന്നും പ്രോജക്ട് പൂർത്തീകരിക്കാത്തതിനെ തുടർന്ന് ചെലവഴിക്കാത്ത തുക അതാത് വർഷം തന്നെ പ്രാദേശിക സർക്കാരുകൾ സഞ്ചിത നിധിയിലേക്ക് തിരിച്ചടയ്ക്കേണ്ടതാണെന്നും 09/03/2023 ലെ സ.ഉ.(കൈ) നം.38/2023/ധന ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഡെപ്പോസിറ്റ് ചെയ്ത വലിയ തുകകൾ നിർവ്വഹണ ഏജൻസികളിൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. പ്രസ്തുത ഡെപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിച്ച് തുകകൾ അടിയന്തിരമായി ക്രമീകരിക്കേണ്ടതും അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-22 ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ-മരുന്ന് പൂർണമായി ലഭിച്ചിട്ടില്ല

| അടങ്കൽ | ചെലവ് |
|---|---|
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)-200000- | 200000/- (ബിൽ നം. 54/27-10-22) |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം.16/23) പദ്ധതി പ്രകാരം 200000/- രൂപ ആലപ്പുഴ ഹോംകോയിൽ അടച്ചിട്ടുണ്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരം 88202/- രൂപയുടെ മരുന്നേ ലഭിച്ചിട്ടുള്ളു. നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.24/12.10.2023) മരുന്ന് മുഴുവൻ ലഭ്യമാക്കുന്നതിന് ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നിന്റെ തുക 1,11,798/- രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 മെഡിക്കൽ കോളേജിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് - പ്രവർത്തനക്ഷമമല്ല-

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ / പേര് | SO 54/23 - കോട്ടയം മെഡിക്കൽ കോളേജിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് ( തുമ്പൂർമൂഴി മോഡൽ ) സ്ഥാപിയ്ക്കൽ |
| അടങ്കൽ | ചെലവ് |
| കേന്ദ്രാവിഷ്കൃത ഫണ്ട്- 1050000- | 665206- ചെക്ക് നം. 369366/30-01-23 |

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കോട്ടയം മെഡിക്കൽ കോളേജിൽ സുസ്ഥിരമായ മാലിന്യ നിർമ്മാർജ്ജനത്തിനായി IRTC മുഖേന കേന്ദ്രാവിഷ്കൃതഫണ്ട് ഉപയോഗിച്ച് 2019-20 ൽ ആരംഭിച്ച പദ്ധതിയാണ് എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിയ്ക്കൽ (തുമ്പൂർമൊഴി മോഡൽ). 1400000/- രൂപ മൊത്ത അടങ്കലിൽ ആരംഭിച്ച പദ്ധതിയുടെ 25% തുകയായ 350000/- രൂപ മുൻകൂറായി 10/2020ൽ നൽകിയിരുന്നു. കോവിഡ് കാലത്തെ ലോക്ക്ഡൌൺ പ്രശ്നങ്ങൾ മൂലവും മെഡിക്കൽ കോളേജ് അധികൃതർ ആവശ്യപ്പെട്ടതനുസരിച്ചും പല തവണ നിർത്തിവെയ്ക്കേണ്ടി വന്ന പ്രവൃത്തി 01-03-21 ൽ സാങ്കേതികാനുമതി ലഭിച്ച് 1/22 ലാണ് നിർമ്മാണം പൂർത്തീകരിച്ചത്. നികുതികളുൾപ്പെടെ 1015206/- രൂപ ആകെ ചെലവ് വന്ന പ്രവൃത്തിയ്ക്ക് മുൻകൂർ നൽകിയത് കിഴിച്ച് 665206/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. യൂണിറ്റ് പ്രവർത്തനമാരംഭിച്ചതായി 04-01-22 ൽ IRTC സാക്ഷ്യപത്രം നൽകിയിട്ടുമുണ്ട്. എന്നാൽ 12-10-23 ൽ നടത്തിയ സ്ഥലപരിശോധനാവേളയിൽ യൂണിറ്റ് പ്രവർത്തിയ്ക്കുന്നില്ല എന്ന് കണ്ടു. യൂണിറ്റ് പ്രവർത്തനക്ഷമമാക്കിയത് മെഡിക്കൽ കോളേജിന് കരാർ മുഖേന കൈമാറിയിട്ടുണ്ടോയെന്നത് രേഖാമൂലം വ്യക്തമാക്കാനും ഗ്രാമപഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിൽ വരാത്ത സ്ഥാപനത്തിൽ പ്രോജക്ട് നടപ്പാക്കുന്നതിന് പ്രത്യേക അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതും നിലവിൽ യൂണിറ്റ് പ്രവർത്തിയ്ക്കാത്തതിന്റെ കാരണവും വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം. 26/12.10.23) യൂണിറ്റ് പ്രവർത്തനക്ഷമമാക്കി മെഡിക്കൽ കോളേജിന് കൈമാറിയതിന് ശേഷം വിവരമറിയിയ്ക്കുന്നതാണെന്ന മറുപടി മാത്രമാണ് ലഭ്യമാക്കിയത്. മറ്റു വിവരങ്ങളൊന്നും ലഭ്യമാക്കിയുമില്ല. മുൻവർഷങ്ങളിലുൾപ്പെടെ 1015206/- ചെലവഴിച്ച പ്രോജക്ട് യാതൊരു പ്രയോജനവുമില്ലാതെ നിശ്ചലാവസ്ഥയിലാണെന്നതും അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ചില്ലെങ്കിൽ പാഴ്ചെലവായി മാറുമെന്നതും ഭരണസമിതി പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാണ്.

മേൽ അപാകതകളിൻമേൽ വിശദമായ മറുപടിയും പദ്ധതി പ്രവർത്തനക്ഷമമാക്കി ആയതിന്റെ റിപ്പോർട്ടും ലഭ്യമാക്കുന്നതുവരെ തൻവർഷത്തെ 665206/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ട് നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള കരിപ്പൂത്തട്ട് എസ് ബി ഐ യുടെ 38016893052 നമ്പർ അക്കൗണ്ടിൽ 22/11/22 ൽ 241114 രൂപ നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ വ്യക്തമല്ല. നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.22/12.10.2022) മറുപടി ലഭ്യമാക്കിയില്ല. സ്രോതസ്സിൽ കുറവ് ചെയ്ത നികുതി വിഹിതങ്ങൾ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട

ശീർഷകങ്ങളിൽ അടവാക്കുന്നതിനും നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്,

**1-25 ഇ-ടെണ്ടർ ഫീസ് - കറണ്ട് അക്കൗണ്ട് ആരംഭിച്ചതിന്റെയും ടെണ്ടർ ഫീസ് ലഭ്യമായതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്**

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് ഈ രീതിയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഇ-ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടുള്ള വിവരവും 2022-23 വർഷം ഇ-ടെൻഡർ ഫീസ് ഇനത്തിലെ ആകെ തുകയുടെ വിവരവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/12.10.23)മറുപടി നൽകിയില്ല. കറണ്ട് അക്കൗണ്ട് ആരംഭിച്ച് ഇ- ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ വരവ് ചേർക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-26 ബില്ലിൽ നിന്നും കുറവ് ചെയ്യുന്ന ബാരൽ വില അതാത് ഫണ്ടുകളിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്**

സർക്കുലർ നമ്പർ 59827/എഫ് എം/07 തസ്വഭവ തീയതി 30-10-2007 പ്രകാരം കരാറുകാരനിൽ നിന്നും ഈടാക്കുന്ന ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ജി ഒ (പി)177/06 ഫിൻ തീയതി 12-4-2006 ഉത്തരവ് ഖണ്ഡിക 3-10 പാലിച്ച് തിരിച്ചടയ്ക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ 2022-23ൽ നിർവ്വഹണം നടത്തിയ റോഡ് റീടാറിംഗ് പ്രവൃത്തികളുടെ പ്രൈസ് 3യിൽ തയ്യാറാക്കിയ ഫൈനൽ ബില്ലിൽ നിന്നും കാലിബാരൽ വില കണക്കാക്കി കുറവ് ചെയ്യുന്ന തുകകൾ നിലവിൽ തനത് ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. പ്രസ്തുത തുക സർക്കാരിലേയ്ക്ക് തിരികെ അടവാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/12.10.2023) മറുപടി ലഭ്യമായില്ല. ബാരൽ വില സർക്കാരിലേയ്ക്ക് തിരികെ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്

**1-27 മറ്റം വിലങ്ങുചിറ പാടശേഖരത്തിലെ മോട്ടോർ ഷെഡ് നിർമ്മാണം - കാലതാമസത്തിനുള്ള കാരണവും പ്രവൃത്തി പൂർത്തീകരണ വിവരവും ലഭ്യമാക്കേണ്ടതാണ്.**

| | |
|---|---|
| പ്രോജക്ട് നം . പ്രോജക്ട് | 23/13, മറ്റം വിലങ്ങുചിറ പാടശേഖരത്തിന് മോട്ടോർഷെഡ് നിർമ്മാണം |
| അടങ്കൽ | 500000 (ജില്ലാ പഞ്ചായത്ത് വിഹിതം + തനത് ഫണ്ട്) |
| ചെലവ് | 248201 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ബിൽ നം - 04/07.01.23 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | സെബാസ്റ്റ്യൻ സി വി , തെള്ളകം |

മറ്റം വിലങ്ങുചിറ പാടശേഖരത്തിലെ പരുത്തിച്ചിറ, മാനച്ചാൽ ഭാഗങ്ങളിൽ മോട്ടോർ ഷെഡുകൾ നിർമ്മിക്കാൻ 2019-20 വർഷം രൂപീകരിച്ചതാണ് മേൽ പ്രോജക്ട്. 20/05/20ൽ കരാറുകാരനുമായി കരാറിലേർപ്പെടുകയും സൈറ്റ് കൈമാറി നൽകുകയും ചെയ്തു. എന്നാൽ 06/04/22 ൽ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ച് കരാറുകാരന് പാർട്ട് ബിൽ പ്രകാരമുള്ള തുക നൽകിയിരിക്കുന്നത്. പ്രവൃത്തിയുടെ കാലതാമസത്തിനുള്ള കാരണം വിശദീകരിക്കേണ്ടതാണെന്നും കരാറുകാരന്റെ വീഴ്ച മൂലമാണ് കാലതാമസം വന്നതെങ്കിൽ പിഴ ഈടാക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (29/13-10-23) മറുപടി ലഭ്യമാക്കിയില്ല. അഞ്ച് ലക്ഷം രൂപയുടെ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്നാണ് പാടശേഖരസമിതി പ്രസിഡണ്ട് അറിയിച്ചത്. അവശേഷിക്കുന്ന തുക കരാറുകാരന് കൈമാറുന്നതിനായി 2023-24 വർഷം സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കിയതായി കാണുന്നില്ല.

പ്രോജക്ട് രൂപീകരിച്ച് ഫൈനൽ ബിൽ തയ്യാറാക്കി തുക ചെലവഴിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ കാലതാമസം കരാറുകാരന്റെ വീഴ്ച മൂലമാണെങ്കിൽ ഫൈൻ ഈടാക്കേണ്ടതും പ്രവൃത്തിയുടെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. വിശദാംശങ്ങളുടെ അഭാവത്തിൽ ചെലവഴിച്ച 248201 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 ആസ്തി പരിപാലനം

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ(ആർ.ടി)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ 12/10/21 ന് ശേഷം കമ്മിറ്റി ചേർന്നിട്ടില്ല. നിലവിൽ പുതുതായി സൃഷ്ടിക്കുന്ന ആസ്തികളും, അങ്കണവാടി നിർമ്മാണത്തിന് വിട്ടുകിട്ടിയ സ്ഥലവും മറ്റും പഞ്ചായത്തിന്റെ ആസ്തിയായി മാറ്റുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (30/13-10-23) യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം.255/23 പ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കൽ എന്ന പ്രോജക്ട് ആവിഷ്ക്കരിച്ചെങ്കിലും 2022-23ൽ നടപ്പായില്ല. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്ക്കരിച്ച റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ എന്ന പ്രോജക്ടും നാളിതു വരെ നടപ്പാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ - മരുന്ന് ലഭിച്ചില്ല - തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം/ പ്രോജക്ട് | 12/23, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ |
| ചെലവ് | 699278 (വികസന ഫണ്ട് ( ജനറൽ ) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ , സി എച്ച് സി |

പ്രോജക്ടിന്റെ ഭാഗമായി ബിൽ നം - 08/30.11.12 പ്രകാരം 62,343 രൂപയ്ക്കും ബിൽ നം - 16/28.03.23 പ്രകാരം 94000 രൂപയ്ക്കും ഉള്ള മരുന്ന് വാങ്ങാൻ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക കൈമാറി. എന്നാൽ മരുന്ന് ലഭിച്ചതിന്റെ വിവരം ഫയൽ/സ്റ്റോക്ക് രജിസ്റ്ററിൽ നിന്ന് ലഭ്യമായില്ല. മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ വിവരം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/12.10.23) മരുന്ന് ലഭ്യമായില്ലെന്ന മറുപടി നൽകി. മരുന്ന് ലഭ്യമാകുന്നതുവരെ ചെലവഴിച്ച 156343/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-30 ഗ്രാമ പഞ്ചായത്തിലെ വനിതകൾക്ക് മെൻസ്ട്രുറൽ കപ്പ് വിതരണ പദ്ധതി - വിതരണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം. | 93/23 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, സി എച്ച് സി |
| ചെലവ് | 109800 (വികസന ഫണ്ട് ( ജനറൽ)) |
| ബിൽ നം | 17/29.03.23 |

ഗ്രാമ പഞ്ചായത്തിലെ വനിതകൾക്ക് മെൻസ്ട്രുറൽ കപ്പ് വിതരണം എന്ന പ്രോജക്ടിന്റെ ഭാഗമായി HLL ലൈഫ് കെയറിൽ നിന്നും 366 മെൻസ്ട്രുറൽ കപ്പുകൾ വാങ്ങി. സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 203, 204 പ്രകാരം കപ്പുകൾ ഹെൽത്ത് ഇൻസ്പെക്ടർ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിവരവും മോണിട്ടറിംഗ് റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (05/09.10.23)യ്ക്ക് 12.04.23ൽ 366 കപ്പുകൾ ലഭ്യമായെന്നും അതിൽ 151 എണ്ണം വിതരണം ചെയ്തെന്നും ബാക്കി കപ്പുകൾ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ലിസ്റ്റിലുള്ളവർക്ക് വിതരണം ചെയ്ത് നവംബർ മാസത്തോടു കൂടി പദ്ധതി പൂർത്തീകരിക്കുന്നതാണെന്നും ഹെൽത്ത് ഇൻസ്പെക്ടർ മറുപടി നൽകി. വിതരണം പൂർത്തീകരിക്കുന്നതുവരെ വിതരണം ചെയ്യാൻ അവശേഷിക്കുന്ന 215 മെൻസ്ട്രുറൽ കപ്പുകളുടെ വിലയായ 64500 രൂപ (215 X 300 ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ - ആധികാരികമായ ചെലവ് രേഖകൾ സൂക്ഷിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം | 225/23 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ , സി എച്ച് സി |
| ചെലവ് | 63655 ( ഹെൽത്ത് ഗ്രാന്റ്) |
| ബിൽ നം / തീയതി | 176/15-03-23 |

പ്രോജക്ടിന്റെ ഭാഗമായി 7850 രൂപ ചുവടെ ചേർക്കും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| Binding Charge | 2850 |
| Internet Charge<br>1. ഗീതു വിജയപ്പൻ , Jr HI<br>2. അശ്വതി ഓമനക്കുട്ടൻ , Jr HI | 2500 X 2 = 5000 |

ഇന്റർനെറ്റ് ഔദ്യോഗികമായി ഉപയോഗിച്ചു എന്നതിനുള്ള രേഖകൾ ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല. ഹെൽത്ത് ഇൻസ്പെക്ടർമാർ തുക കൈപ്പറ്റിയതിന്റെ വിവരം മാത്രമാണ് ഫയലിൽ ലഭ്യമായത്. സബ്സെന്ററുകളിലെ ഇന്റർനെറ്റ് ദാതാക്കളിൽ നിന്നുള്ള ബില്ല് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (05/09.10.23) പ്രസ്തുത സബ്സെന്ററുകളിൽ ഇന്റർനെറ്റ് കണക്ഷൻ ഇല്ലാത്തതിനാൽ സ്വന്തം മൊബൈൽ റീചാർജ് ചെയ്ത് ഔദ്യോഗിക ആവശ്യത്തിന് ഉപയോഗിച്ചതായും തുടർന്നുള്ള വർഷങ്ങളിൽ സബ്സെന്ററുകളിൽ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമായതിനു ശേഷം മാത്രമേ തുക വിനിയോഗിക്കുകയുള്ളൂ എന്നും മറുപടി നൽകി. ഇന്റർനെറ്റ് ചാർജ് അനുവദിക്കുമ്പോൾ ഇന്റർനെറ്റ് ദാതാക്കളിൽ നിന്നുള്ള ബില്ല് ഫയലിനൊപ്പം സൂക്ഷിക്കുന്നതിനും അപാകതകൾ ആവർത്തിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് മുൻ വർഷങ്ങളിൽ നൽകിയതും പിന്നീട് ചെലവഴിക്കാതെ അവശേഷിക്കുന്നതും തിരികെ ലഭിച്ചതുമായ തുകകൾ സംബന്ധിച്ച് താഴെ ചേർക്കുന്ന തീരുമാനങ്ങൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റി കൈക്കൊണ്ടിട്ടുണ്ട്. മേൽ തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിവരം, നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (02/07.10.23) മറുപടി ലഭ്യമായില്ല. പ്രസ്തുത തീരുമാനങ്ങളിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

| യോഗ തീരുമാനം/ നം. തീയതി | തീരുമാനം | റിമാർക്സ് |
|---|---|---|
| 09.06.22/ 2(1) | കേരളാ വാട്ടർ അതോറിറ്റിയിൽ മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ വിനിയോഗിക്കാതെ ബാക്കി വന്ന 2242560 രൂപ തൻവർഷ പദ്ധതിയിൽ വിനിയോഗിക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ടുള്ള തീരുമാനം | തുക ചെലവഴിച്ചിട്ടുണ്ടങ്കിൽ ചെലവിന്റെ വിശദാംശങ്ങൾ അല്ലാത്തപക്ഷം സർക്കാരിലേയ്ക്ക് തുക തിരികെ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 12.07.22 / 3(1) | കൃഷി ഓഫീസറുടെ പേരിൽ SBI കരിപ്പൂത്തട്ട് | കൃഷി ഓഫീസറുടെ റിപ്പോർട്ട് പ്രകാരം |

| | | |
|---|---|---|
| ബ്രാഞ്ചിൽ ആരംഭിച്ച 67397226870 നമ്പർ SB അക്കൗണ്ടിൽ 6 ലക്ഷം രൂപ നീക്കിയിരിപ്പുണ്ട്. ഏത് പദ്ധതി പ്രകാരമുള്ളതാണെന്ന് റിപ്പോർട്ട് ചെയ്യാൻ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകി. | തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരവും തുക തിരികെ ലഭിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്. |

## 1-33 ആശ്രയ-അഗതിരഹിതപദ്ധതി - അക്കൗണ്ടിലെ തുക ചെലവഴിയ്ക്കാത്തത്

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ആശ്രയ – അഗതിരഹിതപദ്ധതിയ്ക്കായി തൻവർഷം 4 ലക്ഷം വകയിരുത്തിയിരുന്നു. ശ്രീമതി ത്രേസ്യാമ്മ പാലക്കുഴിയിൽ എന്ന ഗുണഭോക്താവിന് തുക അനുവദിയ്ക്കുന്നതിലേയ്ക്കായി തുക ആശ്രയ അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിന് 09-02-23 ലെ 1(9) നം. കമ്മിറ്റി തീരുമാനമെടുത്തിരുന്നുവെങ്കിലും തുക അക്കൗണ്ടിലേയ്ക്ക് മാറ്റിയില്ല. ആശ്രയ പദ്ധതിയുടെ ബാങ്ക് അക്കൌണ്ടിൽ 25-03-23 ൽ 71869.50 രൂപയാണ് നീക്കിയിരിപ്പ്. ഇതിൽ പദ്ധതിവിഹിതമിനത്തിലെ 40000/- രൂപയും ഉൾപ്പെടുന്നു. തൻവർഷം തുക ചെലവഴിയ്ക്കാത്തതിനും വികസനഫണ്ട് ചെലവഴിയ്ക്കാതെ അക്കൌണ്ടിൽ സൂക്ഷിയ്ക്കുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം.13/10.10.2023) തൻവർഷം പദ്ധതിയിൽ തെരഞ്ഞെടുത്ത ഗുണഭോക്താവിനെ ഭവനനിർമ്മാണത്തിനുള്ള ക്ലേശഘടകത്തിൽ ഉൾപ്പെടുത്തിയിരുന്നില്ലയെന്ന് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നാണ് വ്യക്തമായതെന്നും ആയതിൽ ഉൾപ്പെടുത്തുന്നതിന് കുടുംബശ്രീ ജില്ലാമിഷന് കത്ത് നൽകിയിട്ടുണ്ടെന്നും നാളിതുവരെ ക്ലേശഘടകത്തിൽ ഉൾപ്പെടുത്തി ലഭിച്ചിട്ടില്ലെന്നുമാണ് മറുപടി ലഭ്യമാക്കിയത്. മാത്രമല്ല അക്കൗണ്ടിൽ ശേഷിയ്ക്കുന്ന 40000/- രൂപ ഗുണഭോക്താവായ ശ്രീമതി ജയമോൾ ഷാജി പണി പൂർത്തീകരിച്ച് രേഖകൾ ലഭ്യമാക്കാത്തതിനാലാണ് ചെലവഴിക്കാൻ സാധിയ്ക്കാത്തതെന്നും വിശദീകരിച്ചു. ജില്ലാമിഷനിൽ നിന്നും നടപടി പൂർത്തിയാക്കി ലഭിയ്ക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കേണ്ടതും അക്കൗണ്ടിൽ ദീർഘനാളായി നിലനിൽക്കുന്ന പ്ലാൻഫണ്ട് ചെലവഴിയ്ക്കുന്നതിനായി ഭവനനിർമ്മാണം എത്രയും വേഗം പൂർത്തിയാക്കാൻ ഗുണഭോക്താവിന് വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

## 1-34 ലൈഫ് ഭവന പദ്ധതി അവലോകനം

2022-23 വാർഷിക പദ്ധതിയിലെ നം. 56/2023, 57/2023 പ്രോജക്ടുകൾ പ്രകാരം ജനറൽ, എസ്.സി വിഭാഗങ്ങൾക്കായി ലൈഫ് ഭവന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ഇതിൽ ലൈഫ് ഫേസ്-2 (ഭൂമിയുള്ള ഭവന രഹിതർ)-ൽ നിന്നുള്ള 55 പേരും ലൈഫ് ഫേസ്-3 ഉൾപ്പെട്ട ഭൂരഹിതരായ ഗുണഭോക്താക്കളിൽ നിന്നുള്ള 3 പേരും ഭൂമി വാങ്ങി നൽകി അവർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നവരുടെ വിശദാംശങ്ങൾ/നിലവിലെ അവസ്ഥ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 7/09.10.23) ലഭ്യമാക്കിയ മറുപടി പ്രകാരം ലഭിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ജനറൽ | എസ്.സി | ആകെ |
|---|---|---|---|
| കരാർ വച്ച ഗുണഭോക്താക്കൾ | 48 | 10 | 58 |
| പണി പൂർത്തീകരിച്ചവർ | 19 | 07 | 26 |
| പൂർത്തീകരിക്കാൻ ബാക്കിയുള്ളവർ | 29 | 03 | 32 |

2022-23 വർഷം കരാർ വെച്ച് ഭവനനിർമ്മാണം ആരംഭിച്ച ഗുണഭോക്താക്കളിൽ വീട് പണി പൂർത്തീയാക്കാത്താവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| നം | ഗുണഭോക്താവിന്റെ പേര് മേൽവിലാസം | വിഭാഗം | കരാർതീയ്യതി | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | പൊന്റാണികണ്ണൻ, ചാൽക്കടവിൽ,ആർപ്പൂക്കര | ജനറൽ | 30.08.2022 | 40,000/-(27.09.22) 1,60,000/-(16.03.22) | ലിന്റൽ വരെ |

| | | | | | |
|---|---|---|---|---|---|
| | | | | 1,00,000/-<br>(13.06.22) | |
| 2 | സലിമോൻ,മുട്ടത്തുക്കരി | ജനറൽ | 18.10.2022 | 40,000/-(20.10.22)<br>1,60,000/-<br>(18.01.23)<br>1,00,000/-<br>(31.03.23) | ലിന്റൽ വരെ |
| 3 | മേരി വർഗ്ഗീസ്,ചാമക്കാലായിൽ,<br>വില്ലുന്നി | ജനറൽ | 20.01.2023 | 40,000/- (04.02.23)<br>1,00,000/-<br>(31.03.23)<br>1,60,000/-<br>(02.05.23) | മേൽക്കുരവരെ |
| 4 | മറിയം കുര്യൻ, പേറോത്ത് | ജനറൽ | 18.01.2023 | 40,000/- (04.02.23)<br>1,00,000/(31.03.23)<br>1,60,000/-<br>(02.05.23)<br>40,000/-(05.08.23) | മേൽക്കുരവരെ |
| 5 | ലീലാമ്മ ജോസഫ്,പുളിപ്പറമ്പ്,<br>വില്ലൂന്നി | ജനറൽ | 01.02.2023 | 40,000/- (04.02.23)<br>1,00,000/(31.03.23)<br>60,000/-(02.05.23)<br>1,00,000/-12.05.23) | ലിന്റൽ വരെ |
| 6 | തങ്കമ്മ മോഹനൻ,പുളിപറമ്പിൽ,<br>വില്ലുന്നി | ജനറൽ | 01.02.2023 | 40,000/- (04.02.23)<br>1,60,000/(16.03.23)<br>1,00,000/-<br>(24.05.23) | മേൽക്കുരവരെ |
| 7 | കമലമ്മ രാജപ്പൻ, താന്നിക്കൽ | ജനറൽ | 21.01.2023 | 40,000/- (04.02.23)<br>1,00,000/(15.03.23)<br>60,000/ (15.03.23)<br>1,00,000/-(31.03.23 | ലിന്റൽ വരെ |
| 8 | ലീല രാജൻ,മേച്ചേരി,വില്ലൂന്നി | ജനറൽ | 28.01.2023 | 40,000/- (04.02.23)<br>1,00,000/(24.03.23)<br>1,60,000/(02.05.23) | മേൽക്കുരവരെ |
| 9 | വാസന്തി<br>വിശ്വൻ,ചാണകപ്പറമ്പിൽ,വില്ലുന്നി | ജനറൽ | 24.01.2023 | 40,000/- (04.02.23)<br>1,60,000/(21.02.23)<br>1,00,000/(24.03.23) | മേൽക്കുരവരെ |
| 10 | ആലീസ് ജോസഫ്,<br>പള്ളിച്ചെരുവിൽ,വില്ലൂന്നി | ജനറൽ | 04.02.2023 | 40,000/- (04.02.23)<br>1,60,000/(21.02.23)<br>1,00,000/(31.03.23) | മേൽക്കുരവരെ |
| 11 | പെണ്ണമ്മചെല്ലപ്പൻ,<br>പുന്നക്കുഴത്തിൽ,ആർപ്പൂക്കര | ജനറൽ | 11.01.2023 | 40,000/-(17.01.23)<br>1,00,000/-<br>(15.03.23)<br>60,000/- (15.03.23)<br>1,00,000/-<br>(24.03.23) | മേൽക്കുരവരെ |
| 12 | ലില്ലിക്കുട്ടി,<br>പുത്തൻപറമ്പ്,ചീപ്പുങ്കൽ | ജനറൽ | 30.01.2023 | 40,000/-(07.02.23)<br>1,60,000/(02.05.23)<br>1,00,000/-(24.05.23 | മേൽക്കുരവരെ |
| 13 | അമ്മിണി<br>തോമസ്,പാറക്കൽ,ആർപ്പൂക്കര | ജനറൽ | 04.02.2023 | 40,000/-(07.02.23)<br>1,00,000/-<br>(24.03.23)<br>1,60,000/-(02.05.23 | മേൽക്കുരവരെ |
| 14 | രമണി ശിവൻകുട്ടി,<br>മുണ്ടുപുഴക്കൽ,ആർപ്പൂക്കര | ജനറൽ | 25.01.2023 | 40,000/-(07.02.23)<br>60,000/-(22.05.23)<br>1,00,000/-<br>(13.06.23)<br>1,00,000/<br>(10.07.23) | മേൽക്കുരവരെ |
| 15 | ഗിരിജ, കളപ്പുരപറമ്പിൽ, | ജനറൽ | 30.01.202 | 40,000/ (07.02.23)<br>60,000/-(22.05.23)<br>1,00,000/-<br>(13.06.23) | മേൽക്കുരവരെ |

| | | | | | |
|---|---|---|---|---|---|
| | | | | 1,00,000/-<br>(10.07.23) | |
| 16 | സണ്ണി കുര്യൻ,കൊച്ചുപാടം, ആർപ്പൂക്കര | ജനറൽ | 01.02.2023 | 40,000/- (07.02.23)<br>1,60,000/-<br>(02.05.23)<br>1,00,000/-<br>(24.06.23) | ലിന്റൽ വരെ |
| 17 | ആലീസ് മാത്യു, പാലക്കോട്, ആർപ്പൂക്കര | ജനറൽ | 04.02.2023 | 40,000/- (14.02.23)<br>60,000/-(14.06.23)<br>1,00,000/-<br>(08.09.23) | മേൽക്കൂരവരെ |
| 18 | ചിന്നമ്മ,കച്ചേരിപറമ്പ്, ആർപ്പൂക്കര | ജനറൽ | 10.02.2023 | 40,000/- (14.02.23)<br>1,00,000/-<br>(24.03.23)<br>60,000/-(02.05.23)<br>1,00,000/-<br>(14.06.23) | മേൽക്കൂരവരെ |
| 19 | മേരി ഓ.ജെ,ഇഞ്ചിപ്പറമ്പിൽ, വില്ലൂന്നി | ജനറൽ | 21.02.2023 | 40,000/- (21.02.23)<br>60,000/-(12.05.23)<br>1,00,000/-<br>(24.05.23)<br>60,000/-(10.08.23) | ലിന്റൽ വരെ |
| 20 | ലീലാമ്മ,കൊല്ലാരത്ത്,ആർപ്പൂക്കര | ജനറൽ | 140.02.2023 | 40,000/- (21.02.23)<br>1,00,000/-<br>(31.03.23)<br>60,000/-(02.05.23)<br>1,00,000/-12.05.23) | മേൽക്കൂരവരെ |
| 21 | പെണ്ണമ്മ മാത്യു, മൈലവേലിൽ,വില്ലൂന്നി | ജനറൽ | 09.02.2023 | 40,000/- (21.02.23)<br>1,00,000/-<br>(24.03.23)<br>60,000/-(02.05.23)<br>1,00,000/(22.05.23) | മേൽക്കൂരവരെ |
| 22 | റോസമ്മജോസ്, ചന്ദ്രത്തിൽകുളങ്ങര,ആർപ്പൂക്കര | ജനറൽ | 23.02.2023 | 40,000/- (23.02.23)<br>60,000/-(22.05.23)<br>1,00,000/(13.06.23)<br>60,000/(05.08.23) | മേൽക്കൂരവരെ |
| 23 | അന്നമ്മ ലൂക്കോസ്, നടുവത്തേട്ട്,ആർപ്പൂക്കര | ജനറൽ | 25.01.2023 | 1,00,000/(24.03.23)<br>60,000/-(02.05.23)<br>1,00,000/(12.05.23) | മേൽക്കൂരവരെ |
| 24 | വത്സമ്മ പത്തിൽച്ചിറയിൽ,ആർപ്പൂക്കര | ജനറൽ | 23.02.2023 | 40,000/- (23.02.23)<br>1,00,000/(31.03.23)<br>60,000/-(02.05.23) | മേൽക്കൂരവരെ |
| 25 | റോഷിന ജോമോൻ,കുളങ്ങര | ഫിഷർമാൻ | 07.03.2023 | 40,000/- (15.06.23)<br>60,000/-(12.05.23)<br>1,00,000/(24.05.23) | മേൽക്കൂരവരെ |
| 26 | ഗീത ഇ.ആർ,കോട്ടപ്പുറം, വില്ലുന്നി | ജനറൽ | 22.02.2023 | 40,000/-(15.03.23)<br>1,60,000/(02.05.23)<br>1,00,000/(24.05.23) | മേൽക്കൂരവരെ |
| 27 | സൂസി ഡേവിഡ്, കല്ലുപുരക്കൽ,കരിപ്പൂത്തട്ട് | ജനറൽ | 16.01.2023 | 40,000/-(15.03.23)<br>1,60,000/(12.05.23)<br>1,00,000/(08.09.23)<br>40,000/-(05.08.23) | മേൽക്കൂരവരെ |
| 28 | ലില്ലിക്കുട്ടി ഡാനിയേൽ,കല്ലുപുരക്കൽ, വില്ലുന്നി | ജനറൽ | 24.02.2023 | 40,000/-(15.03.23)<br>1,60,000/(02.05.23)<br>1,00,000/(08.09.23) | മേൽക്കൂരവരെ |
| 29 | ആലീസ് തങ്കച്ചൻ, കപ്രായിൽ,ആർപ്പൂക്കര | ജനറൽ | 24.02.2023 | 41,130/-<br>(16.03.2023 | തറനിർമ്മാണം പൂർത്തീകരിച്ചു. |
| 30 | സരിതാ ജയകുമാർ,ചാരുംകുളം, ചീപ്പുങ്കൽ | എസ്.സി | 02.02.2023 | 40,000/-(07.02.23) | തറനിർമ്മാണം പൂർത്തീകരിച്ചു. |

| | | | | | |
|---|---|---|---|---|---|
| 31 | സുലേഖ എം.കെ,<br>തോപ്പിൽപറമ്പു,വില്ലുന്നി | എസ്.സി | 16.01.23 | 40,000/-(07.02.23)<br>1,60,000/(22.02.23)<br>1,00,000/(24.03.23) | മേൽക്കൂരവരെ |
| 32 | ശ്യാമള തമ്പി,<br>പള്ളിപറമ്പിൽ,ചീപ്പുങ്കൽ | എസ്.സി | 20.02.23 | 40,000(15.03.23)<br>1,60,000/(31.03.23)<br>1,00,000/(22.05.23) | ലിന്റൽ വരെ |

മുൻ വർഷത്തിൽ (2021-22) കരാറിലേർപ്പെട്ട് ഭവന നിർമ്മാണം ആരംഭിച്ച താഴെ സൂചിപ്പിച്ച ഗുണഭോക്താവ് ഇതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് മേൽവിലാസം | വിഭാഗം | കരാർ തീയതി | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| ഉദയമ്മ എം.കെ,<br>കായൽച്ചിറ വീട്<br>ചീപ്പുങ്കൽ | എസ്.സി | 22.01.2022 | 40,000/-(11.02.2022)<br>40,000/(16.02.2022)<br>1,20,000/-(24.12.2022) | ഭിത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-35 ദുരിതാശ്വാസ നിധി പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കേണ്ടതാണ്

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിരുന്ന ദുരിതാശ്വാസനിധിയിലേക്ക് നാളുകളായി പണം സ്വരൂപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കകയോ ടി നിധിയിൽനിന്നും ധനസഹായം അനുവദിക്കുകയോ ചെയ്തുകാണുന്നില്ല. ദുരിതാശ്വാസനിധിയ്ക്കായി ആർപ്പൂക്കര സർവ്വീസ് സഹകരണ ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിൽ 01/04/2022 ൽ 500 രൂപ അവശേഷിച്ചിരുന്നു. 31.03.2023 ലും അതേ നീക്കിയിരിപ്പ് തന്നെയാണ് പ്രസ്തുത അക്കൗണ്ടിലുള്ളത്. പ്രസ്തുത അക്കൗണ്ടിലേക്ക് തൻ വർഷം വരവോ അക്കൗണ്ടിൽ നിന്ന് ചെലവോ നടത്തിയിട്ടില്ലാത്തതിനാൽ തൻവർഷം ദുരിതാശ്വാസനിധിയിൽ നിന്നും ആർക്കും ധനസഹായമൊന്നും അനുവദിച്ചിട്ടില്ലായെന്ന് വ്യക്തമാണ്. വിവിധ കാരണങ്ങളാൽ ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായാണ് ഓരോ ഗ്രാമപഞ്ചായത്തിലും ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. ധനശേഖരണാർത്ഥമുള്ള കലാ-കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ,സംഘടനകൾ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിക്കാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണെന്നും ചട്ടങ്ങളിൽ പറയുന്നു. ദുരിതാശ്വാസനിധി ഇത്തരത്തിൽ നിർജ്ജീവ അവസ്ഥയിൽ തുടരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/12.10.23) മറുപടി ലഭ്യമാക്കിയില്ല. ദുരിതാശ്വാസനിധി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ദുരിതമനുഭവിക്കുന്നവർക്ക് ധനസഹായം ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക- ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 07/07/2023-ലെ 6(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 05/10/2023, 06/10/2023 എന്നീ തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2022-23 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| കോട്ടയം ജില്ല പഞ്ചായത്ത് | 2000000 | ലൈഫ് ഭവന പദ്ധതി -ജനറൽ (56/23) | 2000000 | 0 |
| | 280000 | ലൈഫ് ഭവന പദ്ധതി -എസ്.സി (57/23) | 280000 | |
| | 106700 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (73/23) | 106700 | 0 |
| | 248201 | മറ്റം വിലങ്ങുചിറ പാടശേഖരത്തിന് മോട്ടോർഷെഡ് നിർമ്മാണം | 248201 | 0 |
| **ആകെ** | **2634901** | **ജില്ല പഞ്ചായത്ത് വിഹിതം** | **2634901** | **0** |
| ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് | 1500000 | ലൈഫ് ഭവന പദ്ധതി -ജനറൽ (56/23) | 1500000 | 0 |
| | 1460000 | ലൈഫ് ഭവന പദ്ധതി -എസ്.സി (57/23) | 1460000 | 0 |
| | 457500 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (73/23) | 457500 | 0 |
| | 44718 | ക്ഷീരകർഷകർക്ക് പാൽ ഇൻസെന്റീവ് (83/23) | 44718 | 0 |
| **ആകെ** | **3462218** | **ബ്ലോക്ക് പഞ്ചായത്ത് വിഹിതം** | **3462218** | **0** |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | തുക | | തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | വിവിധ വാർഡുകളിലെ പോസ്റ്റ് ഷിഫ്റ്റിംഗ് ( 88/23 ) | 32424.00 | 32424.00 | 0 |
| 2 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ ( 6/23) | 580147.00 | 580147.00 | 0 |
| | **ആകെ** | | 612571.00 | 612571.00 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക മുതൽ | തൻവർഷം തിരിച്ചടച്ച തുക പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ഹഡ്കോ വായ്പ(KURDFC) ജി ഓ എം എസ് 68/2018 തസ്വഭവ തീ 18-5-2018 | 3646853 | - | 1220139 | - | 2426714 |

2021-22 വർഷം ലൈഫ് ലോൺ തിരിച്ചടവിനായി സ്രോതസ്സിൽ കുറവ് ചെയ്ത 968001 രൂപ പ്രോജക്ടുകൾ തയ്യാറാക്കി ചെലവ് കണക്കുകളിൽ ഉൾപ്പെടുത്താത്തതിനാൽ 2021-22 ലെ ബി-5 ഷെഡ്യൂളിലെ നീക്കിയിരിപ്പിൽ തിരിച്ചടവ് വന്ന തുക കൂടി ഉൾപ്പെട്ടിരുന്നു. പ്രസ്തുത അപാകത 2022-23 വർഷവും പരിഹരിക്കാത്തതിനാൽ ലോണിനത്തിലുള്ള യഥാർത്ഥ നീക്കിയിരിപ്പ് 2426714 രൂപയും വാർഷിക കണക്ക്, ലോൺ രജിസ്റ്റർ എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് 3394715 രൂപയുമാണ്. വാർഷിക കണക്ക്, ലോൺ രജിസ്റ്റർ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപം

2022-23 വർഷം സ്ഥാപനത്തിലെ സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2000000 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 135000 |
| ആകെ | 2135000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2135000 |

31.03.2023-തീയതിയിൽ പഞ്ചായത്ത് ഫണ്ടിൽ നീക്കിയിരിപ്പുള്ള 2135000 രൂപ സ്ഥിരനിക്ഷേപത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| സ്ഥിരനിക്ഷേപ അക്കൗണ്ട് നം. | പുതുക്കി നിക്ഷേപിച്ച തീയതി | തുക (രൂപ) | ബാങ്ക്/ട്രഷറി | കാലാവധി |
|---|---|---|---|---|
| 0120000008156 | 28.01.2023 | 2135000 | ആർപ്പൂക്കര സർവ്വീസ് സഹകരണബാങ്ക് | 27.01.2024 |

## 4-7 ഓഡിറ്റ് റിക്കവറി

വാർഷികകണക്കുകളിലെ I-19 (Prior Period Income)ഷെഡ്യൂളിൽ 190100101, 190200401, 190300403 എന്നീ ശീർഷകങ്ങളിൽ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ പ്രകാരം ഈടാക്കിയിട്ടുള്ള ഓഡിറ്റ് റിക്കവറി തുകകൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. തൻ വർഷം ലഭിച്ച ഓഡിറ്റ് റിക്കവറി തുകകൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ പഞ്ചായത്തിൽ നിന്നും ലഭ്യമല്ലാത്തതിനാൽ വിശദാംശങ്ങൾ ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് റിക്കവറി ഇനത്തിൽ സ്വീകരിക്കുന്ന തുകകൾ സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നം., ഈടാക്കിയ തുക, അടവാക്കിയ വ്യക്തിയുടെ പേര്, ഉദ്യോഗപ്പേര്, റിക്കവറി ഇനം, രസീത് നം., തീയതി തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ് .

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 35, 38 | 2002-03 | 5-4(1) | പൈപ്പ്ലൈൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്. |
| | 39, 40 | 2002-03 | 5-4(2) | പാറപ്പുറം ശുദ്ധജല വിതരണ പദ്ധതി-ഗുണഭോക്തൃ വിഹിതം പിരിച്ചത് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല. | |
| | പ്രവർത്തനാവലോകനങ്ങൾ | 2011-2012 | | ശിശുക്ഷേമ പദ്ധതികളും അംഗൻവാടികളും | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്. |
| 2014-2015 | അനുബന്ധം 3 | 2016-17 | 2-2 | വസ്തുനികുതി പരിഷ്ക്കരണത്തിന് ആധികാരിക സ്ഥിതീകരണമില്ല | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്. |
| 2014-2015 | അനുബന്ധം 4 | 2016-17 | 2-4,2-5 | തൊഴിൽനികുതി | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്. |
| 2015-2016 | അനുബന്ധം 5 | 2016-17 | 2-2-2,2-2-3 | തൊഴിൽനികുതി | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്. |

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ(രസീത് & പേയ്മെന്റ് പ്രകാരം) | : | 74415884.94 |
| | | |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(രസീത് & പേയ്മെന്റ് പത്രിക പ്രകാരം) | : | 41444097 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 146353000 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 142388572 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1246048 |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വരവ്/ചെലവ് നഷ്ടം പ്രതിപാദിച്ചിട്ടില്ല.

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 111798 | ശ്രീ.രാജേഷ് റ്റി.വർഗ്ഗീസ്, സെക്രട്ടറി |
| 1-23 | 665206 | ശ്രീമതി ആശാ ഗോപാൽ, സെക്രട്ടറി |
| 1-27 | 248201 | ശ്രീ.നിതിൻ കെ.എം., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | 156343 | ഡോ.റോസ്‌ലിൻ ജോസഫ്, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 1-30 | 64500 | ഡോ.റോസ്‌ലിൻ ജോസഫ്, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| **ആകെ** | **1246048** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## 4-11 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 2022-23 വർഷം വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെയും വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-00 | കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/1765/22/02.08.2022 |
| 2000-01 | കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/1765/22/02.08.2022 |
| 2001-02 | കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/1765/22/02.08.2022 |
| 2002-03(ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/1765(4)/22/02.08.2022 |
| 2004-05 | കെ.എസ്.എ.-കെ.ടി.എം.പി9/അദാ.22/1764/21/02.08.2022 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/826(4)/22/02.08.2022 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/826(5)/22/02.08.2022 |
| 2010-11 & 2011-12 | കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/826(6)/22/02.08.2022 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/826(7)/22/02.08.2022 |
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/996(1)/22/02.08.2022 |
| 2014-15 | കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/996(2)/22/02.08.2022 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/996(3)/22/02.08.2022 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/996(4)/22/30.08.2022 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/996(5)/22/25.08.2022 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/996(6)/22/30.08.2022 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി9(അദാ-2022)/996(7)/22/30.08.2022 |
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി9/1285/22/08.08.22 |
| 2021-22 | കെ.എസ്.എ.-കെ.ടി.എം.പി9/2518/22/15.05.23 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി പരാമർശം തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 6(1) dated 6(1) dated 07-07-2023 and submitted on 19-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Arpookkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Arpookkara Grama Panchayat for the year 2022-2023

**Date: 14/12/2023** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Arpookkara Grama Panchayat for the Year 2022-2023.

### 1.Major Observations

1. Discrepencies/Omissions in carrying forward of the closing balance of Panchayath general fund .

2. Discrepencies/Omissions in carrying forward of the asset and liability in ILGMS i

3. Discrepancies in carrying forward of the closing balance in the year in respect of bank accounts. (Account No.67394237148 & Account No. 10670100169273)

4.Non Disclosure of Capital Contribution-Capital contribution opening balance details, fundwise capital contribution of current year are not available.

5. Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated

6. Misclassification of Receipt voucher-Amounts incorrectly accounted under expense head as negative figure.

7. The value of Panchayath vehicle not accounted in Annual Financial Statement

### 2.Other Observations

1.Bank reconciliation statement of Health grant (diagnostic infrastructure) differs from actual bank balance.
2.The unutilised fund returned from Water Authority is incorrectly accounted as receipt in the head â□□Advance to Implementing Agencies - Deposit with KWA â□□ instead of accounting it as liability.
3.Actual balance of loan amount differs from AFS and loan register .
4. Mismatch in the balance of CFC grant recorded in B4 schedule and RP 40(b) schedule.
5. CFC (untied) grant Expenditure as per ACR differs from Grant statement and Sulekha Expenditure statement.

6. Amount of Rs. 61155/- expended under Health Grant (wellness centre) is not accounted as expenditure in AFS.

7. An amount of Rs. 106943 incorrectly accounted as liability in the B4 schedule. But the same account actually having a zero balance.

8. NREGA expenditure not properly accounted.

9. Net increase or decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

10. Depreciation of 65.19 lakhs provided for assets. But calculation sheet not provided

11. Advance register not properly maintained . Hence the correctness of B4 schedule balances can not be ascertained.

12. Correctness of items under 350800101-Liabity in respect of stale cheque cannot be ascertained.

13. Mandatory financial statements such as ratios, notes on account are not included in AFS.
14. Adequate data and adjustment details not provided for verifying capital work in progress .

15. Government and other dues register not maintained.

16. DCB of various receipts do not match with AFS.

17. Items under the head Audit recovery not accounted properly.

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്